I. ഇ.ബി.XIII –കേരള നിയമസഭ/X—12

പതിമൂന്നാം കേരള നിയമസഭ

പത്താം സമ്മേളനം

## നിയമസഭാ നടപടികൾ – സംഗ്രഹം

(ചോദ്യോത്തരങ്ങൾ ഒഴികെ)

2014 ജനുവരി 29, ബുധൻ

നിയമസഭ രാവിലെ 8.30-ന് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. ജി. കാർത്തികേയന്റെ അദ്ധ്യക്ഷതയിൽ യോഗം ചേർന്നു.

**അടിയന്തര പ്രമേയം**

**പരിസ്ഥിതി ലോല പ്രദേശങ്ങൾ**

മി. സ്പീക്കര്: പരിസ്ഥിതി ലോല പ്രദേശങ്ങളുടെ കാര്യത്തിൽ കേരളമടക്കമുള്ള സംസ്ഥാനങ്ങളുടെ ആവശ്യങ്ങൾ കൂടി പരിഗണിച്ച് പുറപ്പെടുവിച്ചതായി പറയുന്ന 20-12-2013-ലെ ഓഫീസ് മെമ്മോറാണ്ടം അസാധുവാണെന്നും ഇക്കാര്യത്തിൽ നവംബർ 13-ലെ ഓഫീസ് മെമ്മോറാണ്ടമാണ് നിലനില്ക്കുന്നതെന്നും കേന്ദ്ര പരിസ്ഥിതി മന്ത്രാലയം ഹരിത

ട്രൈബ്യൂണലിന് സത്യവാങ്മൂലം നൽകിയതോടെ കേരളം നിയോഗിച്ച ഉമ്മൻ വി. ഉമ്മൻ കമ്മിറ്റി റിപ്പോർട്ടിന് പ്രസക്തി ഇല്ലാതാവുകയും മലയോര കർഷകരാകെ വഞ്ചിക്കപ്പെട്ടിരിക്കുകയും ചെയ്തിരിക്കുന്നതായി പറയപ്പെടുന്ന ഗുരുതരമായ സ്ഥിതിവിശേഷം സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യണമെന്നാവശ്യപ്പെട്ട് സർവ്വശ്രീ കോടിയേരി ബാലകൃഷ്ണന്, വി.എസ്. സുനിൽ കുമാര്, ജോസ് തെറ്റയില്, എ. എ. അസീസ്, എ. കെ. ശശീന്ദ്രൻ എന്നീ ബഹുമാനപ്പെട്ട അംഗങ്ങൾ റൂൾ 50 അനുസരിച്ച് നോട്ടീസ് നൽകിയിട്ടുണ്ട്.

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി): ഇന്നലെ ഗ്രീൻ ട്രൈബ്യൂണലിൽ വന്നിട്ടുള്ള കേസ് സംബന്ധിച്ച് കേന്ദ്ര ഗവൺമെന്റിന്റെ വക്കീൽ സത്യവാങ്മൂലം കൊടുക്കുകയോ കോടതി പ്രത്യേക ഉത്തരവ് പുറപ്പെടുവിക്കുകയോ ചെയ്തിട്ടില്ല. സംസ്ഥാന ഗവൺമെന്റുകളുടെ വാദം കേട്ടശേഷം മാത്രമേ ഇ.എസ്.എ.-യെ സംബന്ധിച്ച് ഫൈനലായി ഉത്തരവ് പുറപ്പെടുവിക്കുകയുള്ളു എന്ന് കേന്ദ്രസർക്കാർ നോട്ടിഫിക്കേഷൻ ഇറക്കിയിട്ടുണ്ട്. 20-12-2013-ലെ നോട്ടിഫിക്കേഷനുശേഷം പരിസ്ഥിതി സംരക്ഷണത്തിനുനേരെ വ്യാപകമായ കടന്നാക്രമണം നടക്കുന്നുവെന്ന് ഗോവാ ഫൗണ്ടേഷൻ സുപ്രീം കോടതിയിൽ

ആക്ഷേപം ഉന്നയിച്ചപ്പോൾ 13-11-2013-ലെ ഡയറക്ഷൻ നിലനിൽക്കുന്നു എന്ന് വക്കീൽ മറുപടി നൽകിയിരുന്നു. 13-11-2013-ലേത് പുതിയതായി പെർമിറ്റ് കൊടുക്കുന്നതിന് അഞ്ച് കാര്യങ്ങളിൽ നിയന്ത്രണങ്ങൾ ഏർപ്പെടുത്തിക്കൊണ്ട് പരിസ്ഥിതി സംരക്ഷണ സമിതികൾക്ക് കൊടുത്തിരിക്കുന്ന ഡയറക്ഷൻസാണ്. 20-12-2013-ൽ ഇറക്കിയ ഓഫീസ് മെമ്മോറാണ്ടം നിലനിൽക്കുന്നത് സംബന്ധിച്ച് കേന്ദ്രമന്ത്രി സംസ്ഥാനത്തിന് വിശദമായ കത്ത് നിൽകിയിട്ടുണ്ട്. പാറ പൊട്ടിക്കുന്നതിനും മണൽ വാരുന്നതിനുമുള്ള നിയന്ത്രണങ്ങൾ കാരണം സംസ്ഥാനത്തെ നിർമ്മാണ പ്രവർത്തനങ്ങൾ നിലച്ചിരിക്കുന്ന സാഹചര്യത്തിൽ നിയമപരമായ നടപടികൾ പരിശോധിച്ച് നിയമത്തിന് വിധേയമായി ഓർഡറുകൾ ഇറക്കിയിട്ടുണ്ട്. മലയോര പ്രദേശങ്ങളിലെ ജനവാസ കേന്ദ്രങ്ങളെ ബാധിക്കുന്ന ഒരു നടപടിയും ഉണ്ടാകില്ല എന്ന് ഗവൺമെന്റ് ഉറപ്പ് പറയുന്നു.

<u>ശ്രീ. കോടിയേരി ബാലകൃഷ്ണന്:</u> ഈ വിഷയത്തിൽ ആശങ്കപ്പെട്ടുകൊണ്ട് ഇടുക്കി, കോഴിക്കോട്, കോട്ടയം ജില്ലകളിലെ മലയോര പ്രദേശങ്ങളിൽ ഇന്ന് ഹർത്താൽ നടത്തുകയാണ്. നാഷണൽ ഗ്രീൻ ട്രൈബ്യൂണലിന് വിപുലമായ അധികാരങ്ങളുണ്ട്. കസ്തൂരിരംഗൻ നിർദ്ദേശങ്ങൾ കേന്ദ്രം അംഗീകരിച്ചതോടെ

ഗാഡ്ഗിൽ ശുപാർശകൾ നടപ്പാക്കണമെന്നാവശ്യപ്പെട്ട് ഗോവാ ഫൗണ്ടേഷൻ സമർപ്പിച്ച ഹർജി അപ്രസക്തമാണെന്നാണ് കേരളത്തിന്റെ അഭിഭാഷകന്മാർ കോടതിയിൽ പറഞ്ഞത് . എൻവയോൺമെന്റ് ആക്ടിന്റെ അടിസ്ഥാനത്തിൽ കേന്ദ്ര ഗവൺമെന്റ് അംഗീകരിച്ച കസ്തൂരിരംഗൻ റിപ്പോർട്ടിലെ വ്യവസ്ഥകൾ നിയമത്തിന്റെ ഭാഗമായി മാറിയതോടെ ഇതിൽ മാറ്റങ്ങൾ വരുത്താൻ സംസ്ഥാന സർക്കാരിന് അധികാരമില്ലാതായി. ഇതിനെത്തുടർന്ന് 123 വില്ലേജുകളിലെ വികസന പ്രവർത്തനങ്ങളാകെ തടയപ്പെട്ടിരിക്കുന്നുവെന്ന് മാത്രമല്ല, ജനങ്ങൾ നിർബന്ധിത കുടിയിറക്ക് ഭീഷണി നേരിടുകയുമാണ്. കസ്തൂരിരംഗൻ റിപ്പോർട്ടിനെതിരെ സഭ ഐകകണ്ഠ്യേന പ്രമേയം പാസ്സാക്കണം. ഈ വിഷയം സഭാ നടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യണം.

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി): ജനങ്ങൾക്കുവേണ്ടി സൃഷ്ടിക്കപ്പെട്ട നിയമങ്ങളിൽ ആവശ്യമായ മാറ്റങ്ങൾ വരുത്തുന്നതിന് സർക്കാർ എതിരല്ല. ഗാഡ്ഗിൽ കമ്മിറ്റി റിപ്പോർട്ടിനെതിരെ സംസ്ഥാന നിയമസഭ ഏകകണ്ഠമായി പ്രമേയം പാസ്സാക്കിയെങ്കിലും അത് നടപ്പാക്കണമെന്ന് ആവശ്യപ്പെടുന്നവർ ഇപ്പോഴുമുണ്ടെന്നുള്ളത് ഒരു യാഥാർത്ഥ്യമാണ്. ഗാഡ്ഗിൽ കമ്മിറ്റി റിപ്പോർട്ട് തള്ളിക്കളഞ്ഞുകൊണ്ട് കസ്തൂരിരംഗൻ റിപ്പോർട്ട് നടപ്പാക്കണമെന്ന തീരുമാനം വന്നപ്പോൾ സർക്കാർ ശക്തമായ നിലപാട് സ്വീകരിക്കുകയുണ്ടായി. ഗാഡ്ഗിൽ കമ്മിറ്റി ശുപാർശകൾ നടപ്പിലാക്കണമെന്ന് ഗോവ ഫൗണ്ടേഷൻ

ആവശ്യപ്പെട്ടപ്പോൾ കേരളത്തിലെ സീനിയർ അഡ്വക്കേറ്റ് പറഞ്ഞത് കസ്തൂരിരംഗൻ റിപ്പോർട്ട് വന്നതോടെ ഗാഡ്ഗിൽകമ്മിറ്റി റിപ്പോർട്ട് ഇല്ലാതായിരിക്കുന്നു എന്നാണ്. 2012-13-ലെ ഓഫീസ് മെമ്മോറാണ്ടത്തിൽ മുഖ്യമന്ത്രിമാരുമായി ആലോചിച്ച് സംസ്ഥാനങ്ങളുടെ വികാരം കണക്കിലെടുത്തു മാത്രമേ മുന്നോട്ടുപോകുവെന്നാണ് ഉറപ്പു പറഞ്ഞിട്ടുള്ളത്. ആൾ പാർട്ടി യോഗത്തിലും സർക്കാർ ജനങ്ങളോടൊപ്പം നിൽക്കുമെന്ന നിലപാടാണ് സ്വീകരിച്ചിട്ടുള്ളത്. മലയോരപ്രദേശത്തെ ജനങ്ങളുടെ താൽപ്പര്യത്തിന് ഒരു കോട്ടവും വരാത്ത നിലയിൽ ജനവികാരം പൂർണ്ണമായും ഉൾക്കൊണ്ടുകൊണ്ടുതന്നെ ഈ പ്രശ്നം പരിഹരിക്കുന്നതാണ്. ജനവികാരം മാനിച്ചുകൊണ്ടുള്ള ഉമ്മൻ വി. ഉമ്മൻ കമ്മറ്റി റിപ്പോർട്ട് കേന്ദ്രത്തിന് സമർപ്പിക്കുന്നതാണ്. ഈ വിഷയം സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യേണ്ടതില്ല.

(അടിയന്തരപ്രമേയാവതരണത്തിന് അനുമതി നിഷേധിച്ചു)

പ്രതിപക്ഷനേതാവ് (ശ്രീ. വി. എസ്. അച്യുതാനന്ദന്): ഗാഡ്ഗില്-കസ്തൂരിരംഗൻ റിപ്പോർട്ടുകളിൽ കേരളത്തിന്റെ താൽപ്പര്യങ്ങൾക്കനുസരിച്ച് ഭേദഗതി വരുത്തണമെന്നതാണ് പ്രതിപക്ഷത്തിന്റെ ആവശ്യം. ഈ രണ്ട് റിപ്പോർട്ടുകളും കേരളത്തിന്റെ താൽപ്പര്യങ്ങൾക്ക് വിരുദ്ധമാണ്. കസ്തൂരിരംഗൻ റിപ്പോർട്ട് കേരളത്തിലെ ജനങ്ങളുടെമേൽ അടിച്ചേൽപ്പിക്കാനുള്ള ശ്രമം

പ്രായോഗികമല്ല. കേരളത്തിലെ കർഷകരടക്കമുള്ള ജനവിഭാഗങ്ങൾ ആശങ്കയോടെ കാണുന്ന കസ്തൂരിരംഗൻ റിപ്പോർട്ട് നടപ്പാക്കുന്നതുസംബന്ധിച്ച മെമ്മോറാണ്ടം കേന്ദ്രസർക്കാർ പുറപ്പെടുവിച്ചിട്ടും മുഖ്യമന്ത്രി അർത്ഥശങ്കയ്ക്കി ടവരാത്തവിധം പറയുന്നത് കേന്ദ്രം അത് പിൻവലിക്കുമെന്നാണ്. കേന്ദ്ര-സംസ്ഥാന സർക്കാരുകൾ ജനങ്ങളെ കബളിപ്പിക്കുകയാണ്. ജനങ്ങളെയാകെ ബാധിക്കുന്ന കസ്തൂരിരംഗൻ റിപ്പോർട്ട് സഭയിൽ ചർച്ച ചെയ്യാൻ സർക്കാർ സന്നദ്ധമാകണം.

(പ്രസ്തുത വിഷയം ചർച്ച ചെയ്യാൻ തയ്യാറാകാത്ത ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് പ്രതിപക്ഷാംഗങ്ങൾ അവരവരുടെ സീറ്റുവിട്ട് സ്പീക്കറുടെ ഡയസിനു മുന്നിൽ വന്നുനിന്ന് മുദ്രാവാക്യം വിളിച്ച് സഭാനടപടികൾ തടസ്സപ്പെടുത്തിക്കൊണ്ടിരുന്നു.)

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി): കേരളത്തിന്റെ പരിസ്ഥിതിലോല പ്രദേശങ്ങളായി പ്രഖ്യാപിക്കപ്പെട്ട 123 വില്ലേജുകളുടെ കാര്യത്തിൽ ചർച്ച നടത്തുന്നതിന് യാതൊരു തടസ്സവുമില്ലെന്ന് കാര്യോപദേശക സമിതി യോഗത്തിൽ അറിയിച്ചിരുന്നതാണ്. ഇക്കാര്യത്തിൽ യാതൊരു അഭിപ്രായ വ്യത്യാസവുമില്ല എന്നുമാത്രമല്ല ഈ പ്രശ്നത്തിന് പരിഹാരം ഉണ്ടാക്കുന്നതുമാണ്. പശ്ചിമഘട്ട മേഖലയുടെ സംരക്ഷണത്തിനായി പ്രൊഫ. മാധവ് ഗാഡ്ഗിൽ

കമ്മിറ്റി റിപ്പോർട്ടിലെ നിർദ്ദേശങ്ങൾ പ്രാവർത്തികമാക്കണമെന്നും കേന്ദ്ര സർക്കാർ നിർദ്ദേശിച്ചിട്ടുള്ള പശ്ചിമഘട്ട അതോറിറ്റി രൂപീകരിക്കണമെന്നുമുള്ള പ്രതിപക്ഷനേതാവിന്റെ നിവേദനം പരിശോധിക്കുന്നതാണ്.

(പ്രതിപക്ഷകക്ഷി മെമ്പർമാർ ബഹളം തുടരുന്നതിനിടയിൽ ചില പ്രതിപക്ഷകക്ഷി അംഗങ്ങൾ ഡയസ്സിനു മുകളിൽ കയറി സ്പീക്കറുടെ സമീപംനിന്ന് മുദ്രാവാക്യം വിളിച്ച് സഭാനടപടികൾ തടസ്സപ്പെടുത്തിയ സാഹചര്യത്തിൽ സഭ രാവിലെ 10.24-ന് അൽപ്പനേരത്തേയ്ക്ക് നിർത്തിവയ്ക്കുകയും 11.11-ന് ബഹുമാനപ്പെട്ട സ്പീക്കറുടെ അദ്ധ്യക്ഷതയിൽ പുനരാരംഭിക്കുകയും ചെയ്തു.)

**റൂളിംഗ്**

**<u>സഭയുടെ സുഗമമായ പ്രവർത്തനം</u>**

<u>മി. സ്പീക്കര്:</u> ബഡ്ജറ്റ് ചർച്ചയുടെ അവസാനദിവസമായ ഇന്ന് ധനകാര്യ വകുപ്പുമന്ത്രിയുടെ മറുപടിയുള്ളതിനാൽ അടിയന്തിര പ്രമേയവുമായി ബന്ധപ്പെട്ട വിഷയത്തിന്മേൽ നാളെ 90 മിനിട്ട് ചർച്ച ചെയ്യാമെന്ന ധാരണയിലെത്തിയിട്ടുണ്ട്. മുഖ്യമന്ത്രിയും ഭരണ-പ്രതിപക്ഷ നേതാക്കന്മാരും സമചിത്തതയോടെ എടുത്ത സമീപനത്തെ സ്വാഗതം ചെയ്യുന്നു.

വളരെ ആലോചിച്ച ശേഷമാണ് സഭയുടെ അകത്തുള്ള

പ്രവർത്തനങ്ങളിൽ വാച്ച് ആന്റ് വാർഡ് വേണ്ടെന്ന് ചെയർ തീരുമാനിച്ചത്. 7-2-2013-ൽ ചില പ്രതിപക്ഷ അംഗങ്ങൾ ചെയറിന്റെ അടുത്തുവന്ന് മുദ്രാവാക്യം വിളിച്ച സംഭവമുണ്ടായപ്പോൾ നടപടി സ്വീകരിച്ചില്ലെങ്കിലും കർശനമായ താക്കീത് അന്ന് ചെയർ നൽകിയിരുന്നു. ഇന്നത്തെ സംഭവത്തിൽ അത്തരത്തിൽ താക്കീത് വേണ്ടെന്നാണ് ചെയർ കരുതുന്നത്. എന്നാൽ ശക്തമായ പ്രതിഷേധം രേഖപ്പെടുത്തുന്നതോടൊപ്പം സഭയുടെ അന്തസ്സും ജനാധിപത്യ മര്യാദയും കാത്തുസൂക്ഷിക്കാൻ സ്വയം ചില നിയന്ത്രണങ്ങൾ ഏർപ്പെടുത്തണമെന്ന് അഭ്യർത്ഥിക്കുന്നു. ശക്തമായി പ്രതിഷേധിക്കാനുള്ള സന്ദർഭം പ്രതിപക്ഷത്തിന് ഭരണപക്ഷം നൽകണം. സഭാനടപടികൾ ഭരണകക്ഷിയെക്കാൾ കൂടുതൽ പ്രയോജനപ്പെടേണ്ടത് പ്രതിപക്ഷത്തിനാണ്. ഭരണകക്ഷിയെ സംബന്ധിച്ചിടത്തോളം ഭരണഘടന ഏൽപ്പിച്ചിരിക്കുന്ന ബാധ്യതകൾ നിറവേറ്റാനുള്ള വേദിയാണ് നിയമസഭ. ഇന്ന് നടന്നതു പോലെയുള്ള സംഭവങ്ങൾ ആവർത്തിക്കാതിരിക്കുന്നതാണ് എല്ലാവർക്കും നല്ലത്. സഭയുടെ അന്തസ്സും അഭിപ്രായങ്ങളും ജനങ്ങളുടെ മുൻപിൽ അതിന്റെ പൂർണ്ണതയിൽ നിൽക്കണമെങ്കിൽ നമ്മൾ സ്വയം വലുതാകണം. അതിന് എല്ലാവരും തയ്യാറാകണമെന്ന് വിനയപുരസ്സരം അഭ്യർത്ഥിക്കുന്നു.

**ശ്രദ്ധ ക്ഷണിക്കൽ**

**<u>അനധികൃത മനോരോഗ പുനരധിവാസ കേന്ദ്രങ്ങൾ</u>**

<u>ശ്രീ എം. ഉമ്മര്:</u> സംസ്ഥാനത്ത് ചട്ടവിരുദ്ധമായി പ്രവർത്തിക്കുന്ന മനോരോഗ പുനരധിവാസകേന്ദ്രങ്ങളുടെ പ്രവർത്തനങ്ങൾ ക്രമീകരിക്കുന്നതിനും അടിസ്ഥാന സൗകര്യങ്ങൾ ഉറപ്പാക്കുന്നതിനും നടപടികൾ സ്വീകരിക്കണം. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ആരോഗ്യരംഗത്ത് ഒട്ടേറെ പദ്ധതികൾ ആവിഷ്ക്കരിച്ചിട്ടുണ്ടെങ്കിലും ശാരീരിക ആരോഗ്യ രംഗത്തെ അപേക്ഷിച്ച് മാനസികാരോഗ്യ രംഗത്തിന് വളരെ കുറഞ്ഞ പ്രാധാന്യമാണ് നൽകുന്നത്. അനധികൃത മാനസികാരോഗ്യ കേന്ദ്രങ്ങൾക്കും പുനരധിവാസ കേന്ദ്രങ്ങൾക്കും നിയന്ത്രണമേർപ്പെടുത്തുന്നതിലേക്കായി ലൈസൻസ് നിർബന്ധമാക്കുന്നതിന്റെ ഭാഗമായി 2012-ൽ പുറപ്പെടുവിച്ച രണ്ട് റൂളുകളും ഫലപ്രദമായി നടപ്പിലാക്കുന്നുണ്ടോയെന്ന് പരിശോധിക്കണം. ഈ മേഖലയുടെ പ്രവർത്തനങ്ങൾക്ക് ലഭിച്ച കേന്ദ്രസഹായം വേണ്ട രീതിയിൽ ഉപയോഗിച്ചില്ലെന്ന് ഹൈക്കോടതിയുടെ പരാമർശമുണ്ട്. സർക്കാർ മേഖലയിലുള്ള തിരുവനന്തപുരം, കോഴിക്കോട്, തൃശ്ശൂർ മാനസികാരോഗ്യകേന്ദ്രങ്ങൾക്ക് അനുവദിച്ച തുക പൂർണ്ണമായും ഉപയോഗിക്കാനോ ചെലവഴിക്കാനോ കഴിയാത്ത അവസ്ഥ നിലനിൽക്കുന്നു. സ്വകാര്യമേഖലയിലെ ഇരുന്നൂറിലധികം മാനസികാരോഗ്യ പുനരധിവാസ കേന്ദ്രങ്ങൾക്ക് ബന്ധപ്പെട്ട റൂൾസ് പ്രകാരമുള്ള ലൈസൻസ് ലഭിച്ചിട്ടില്ല. വളരെ പരിമിതമായ സ്ഥലത്ത് നിരവധി രോഗികളെ പാർപ്പിച്ച് ചൂഷണം

നടത്തുകയാണ്. ലൈസൻസ് ഇല്ലാതെ പ്രവർത്തിക്കുന്ന മാനസികാരോഗ്യ കേന്ദ്രങ്ങളേയും പുനരധിവാസ കേന്ദ്രങ്ങളേയും സംബന്ധിച്ച് വിവര ശേഖരണം നടത്തുകയും മിനിമം അടിസ്ഥാന സൗകര്യങ്ങൾ ഉറപ്പു വരുത്തുകയും വേണം. ഡോക്ടർമാരുടേയും മനോരോഗവിദഗ്ദരുടേയും സേവനങ്ങൾ ഇത്തരം കേന്ദ്രങ്ങളിലുണ്ടോയെന്ന് ഉറപ്പുവരുത്തണം. അശാസ്ത്രീയമായ രീതിയിൽ ചികിത്സിക്കുകയും വൃത്തിഹീനമായ രീതിയിൽ പ്രവർത്തിക്കുകയും ചെയ്യുന്ന കേന്ദ്രങ്ങളെ നിയമപരിധിക്കുള്ളിൽ കൊണ്ടുവരണം. ആരോഗ്യ വകുപ്പും സാമൂഹ്യ നീതിവകുപ്പും തമ്മിൽ കോ-ഓർഡിനേഷൻ ഉണ്ടാക്കി അലഞ്ഞുതിരിയുന്ന മാനസികരോഗികളെ പുനരധിവസിപ്പിക്കുന്നതിന് ഓരോ ജില്ലാ ആസ്ഥാനത്തും ഹെൽപ്പ് ഡെസ്ക് ആരംഭിക്കാൻ നടപടി സ്വീകരിക്കണം.

ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. വി.എസ്. ശിവകുമാര്): ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പുതിയ മാനസികാരോഗ്യ നയം രൂപീകരിച്ച് അതിന്റെ പ്രവർത്തനങ്ങളുമായി മുന്നോട്ടുപോകുകയാണ്. മാനസികാരോഗ്യ കേന്ദ്രങ്ങൾക്കുവേണ്ടി നൂറോളം തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ട്. തിരുവനന്തപുരം, തൃശ്ശൂര്, കോഴിക്കോട് മാനസികാരോഗ്യ ആശുപത്രികളിൽ മാസ്റ്റർ പ്ലാൻ തയ്യാറാക്കുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ട്. 1987-ലെ മെന്റൽ ഹെൽത്ത് ആക്ടിലെ സെക്ഷൻ 3-ഉം 4-ഉം പ്രകാരം മനോരോഗ പുനരധിവാസ കേന്ദ്രങ്ങളുടെ നിയന്ത്രണം സംസ്ഥാന

മെന്റൽ ഹെൽത്ത് അതോറിറ്റിയിലാണ് നിക്ഷിപ്തമായിട്ടുള്ളത്. അതിനാൽ ഇത്തരം മനോരോഗ പുനരധിവാസ കേന്ദ്രങ്ങൾ മെന്റൽ ഹെൽത്ത് ആക്ട് പ്രകാരമുള്ള ലൈസൻസ് നിർബന്ധമായും എടുക്കേണ്ടതുണ്ട്. സ്റ്റേറ്റ് മെന്റൽ ഹെൽത്ത് അതോറിറ്റിയാണ് ലൈസൻസിംഗ് അതോറിറ്റി. ലൈസൻസിനായി അപേക്ഷ സമർപ്പിച്ച സ്ഥാപനങ്ങളിൽ പലതിലും സ്റ്റേറ്റ് മെൻറൽ ഹെൽത്ത് റൂൾസ് അനുസരിച്ചുള്ള അടിസ്ഥാന സൗകര്യങ്ങളില്ല. നിയമാനുസരണം അടിസ്ഥാന സൗകര്യങ്ങൾ ലഭ്യമാക്കിയിട്ടുള്ള 4 സ്ഥാപനങ്ങൾക്ക് മെന്റൽ ഹെൽത്ത് ആക്ട് അനുസരിച്ച് ലൈസൻസ് നൽകുകയും ഒരു സ്ഥാപനത്തിനുകൂടി ലൈസൻസ് നൽകാൻ തീരുമാനമെടുക്കുകയും ചെയ്തിട്ടുണ്ട്. ആവശ്യമായ സമയം നൽകിയിട്ടും അടിസ്ഥാന സൗകര്യം ലഭ്യമാക്കാൻ തയ്യാറാകാത്ത കേന്ദ്രങ്ങൾക്ക് മെന്റൽ ഹെൽത്ത് അതോറിറ്റിയിൽ നിന്നും കാരണംകാണിക്കൽ നോട്ടീസ് നൽകിയിട്ടുണ്ട്. മനോരോഗികളെ ചൂഷണം ചെയ്യുന്നത് ഒഴിവാക്കാനും മനുഷ്യാവകാശം സംരക്ഷിക്കാനും വേണ്ടിയാണ് മെന്റൽ ഹെൽത്ത് ആക്ട് നടപ്പിലാക്കിയതെങ്കിലും ആക്ടിലെ ചില വകുപ്പുകളെ മറികടക്കാൻ സാമൂഹ്യ നീതിവകുപ്പിലെ നോട്ടീഫിക്കേഷൻ ഇടയാക്കുമെന്നതിനാൽ 1987-ലെ സെൻട്രൽ ആക്ട് പ്രകാരം ആരോഗ്യ വകുപ്പ് പുറപ്പെടുവിച്ച 31-10-2012-ലെ വിജ്ഞാപനവും സാമൂഹ്യനീതി വകുപ്പിന്റെ പേഴ്സൺസ് വിത്ത് ഡിസബിലിറ്റി ആക്ടിന്റെ 1995

അനുസരിച്ചുള്ള 24-7-2012-നു പുറപ്പെടുവിച്ച വിജ്ഞാപനവും ഒരേ സമയം നിലനിൽക്കുന്ന സാഹചര്യത്തിൽ ചട്ട വിരുദ്ധമായി പ്രവർത്തിക്കുന്ന സ്ഥാപനങ്ങളുടെ പ്രവർത്തനം നിയന്ത്രിക്കുന്നതിനും അടിസ്ഥാന സൗകര്യം ഉറപ്പുവരുത്തുന്നതിനുമുള്ള പ്രായോഗിക ബുദ്ധിമുട്ട് പരിഹരിക്കാനായി സാമൂഹ്യനീതി വകുപ്പുമായി ചർച്ച ചെയ്ത് ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതാണ്. ഹെൽപ്പ് ഡെസ്ക് സ്ഥാപിക്കുന്നതുമായി ബന്ധപ്പെട്ട കാര്യങ്ങൾ സാമൂഹ്യനീതി വകുപ്പുമായി ആലോചിക്കുന്നതാണ്.

(2) **<u>കേന്ദ്ര പൊതുമേഖലാ സ്ഥാപനങ്ങൾ നേരിടുന്ന പ്രതിസന്ധി</u>**

<u>ശ്രീ. എളമരം കരീം</u>: സംസ്ഥാനത്ത് പ്രവർത്തിക്കുന്ന കേന്ദ്ര പൊതുമേഖലാ വ്യവസായ സ്ഥാപനങ്ങൾ പ്രതിസന്ധി നേരിടുകയാണ്. എഫ്.എ.സി.റ്റി. പുനരുദ്ധരിക്കുന്നതിന് ബി.ആർ.പി.എസ്.ഇ. ശുപാർശ ചെയ്ത പാക്കേജ് അംഗീകരിക്കണം. എല്.എന്.ജി.- ക്ക് ചുമത്തിയിരിക്കുന്ന വാറ്റ് ഒഴിവാക്കാനും വില കുറയ്ക്കാനും നടപടി സ്വീകരിക്കണം. ഇറക്കുമതി ഉദാരവൽക്കരണത്തിന്റെ ഫലമായി എച്ച്.എം.റ്റി.-യുടെ ഉല്പന്നങ്ങൾക്ക് കമ്പോളവിലയിൽ ഇടിവ് ഉണ്ടായതിനാൽ ടെക്നോളജി ഇംപ്രൂവ് ചെയ്ത് പ്രസ്തുത സ്ഥാപനത്തെ പുനരുദ്ധരിക്കാൻ സർക്കാർ നടപടി സ്വീകരിക്കണം. പാലക്കാടുള്ള ഇൻസ്ട്രുമെന്റേഷൻ യൂണിറ്റും ഇൻഡ്യൻ ടെലിഫോൺ യൂണിറ്റും ഇപ്പോൾ

നഷ്ടത്തിലാണ് പ്രവർത്തിക്കുന്നത്. നഷ്ടത്തിൽ പ്രവർത്തിക്കുന്ന ഹിന്ദുസ്ഥാൻ ന്യൂസ് പ്രിന്റ് ലിമിറ്റഡ് വൈവിധ്യവൽക്കരിക്കാൻ നടപടി സ്വീകരിക്കണം. പ്രതിസന്ധിയിലായ ഹിന്ദുസ്ഥാൻ ഓർഗാനിക് കെമിക്കൽസിനെ സംരക്ഷിക്കുന്നതിന് പാക്കേജ് തയ്യാറാക്കണം. കൊച്ചിൻ ഷിപ്പിയാർഡിന് 2014 ഡിസംബറിനുശേഷം ഓർഡറൊന്നും ലഭിക്കാത്ത സ്ഥിതിവിശേഷം പരിശോധനാവിധേയമാക്കുകയും ഡി.പി. വേൾഡുമായുള്ള എഗ്രിമെന്റ് പുന:പരിശോധിച്ച് കൊച്ചി തുറമുഖത്തിന്റെ നിലനിൽപ്പിനാവശ്യമായ നടപടികൾ കേന്ദ്രഗവൺമെന്റിന്റെ ഭാഗത്തുനിന്നുമുണ്ടാകാൻ നടപടി സ്വീകരിക്കുകയും ചെയ്യണം. ഐ.ആർ.ഇ.-യുടെ മൈനിംഗ് പ്രവർത്തനം അവതാളത്തിലായതുമൂലം പ്രതിസന്ധിയിലായ കേരളത്തിലെ വ്യവസായങ്ങളെ രക്ഷിക്കുന്നതിനായി വിവിധ ട്രേഡ് യൂണിയനുകളുടെ മീറ്റിംഗ് വിളിച്ചുകൂട്ടുകയും പ്രസ്തുത യോഗ തീരുമാനം സംസ്ഥാന സർക്കാരിന്റെ നിർദ്ദേശമായി കേന്ദ്രഗവൺമെന്റിനെ അറിയിക്കാൻ നടപടി സ്വീകരിക്കുകയും വേണം.

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി): കേരളത്തിലെ പ്രധാന കേന്ദ്ര പൊതുമേഖലാ സ്ഥാപനമായ എഫ്.എ.സി.റ്റി.-യുടെ പ്ലാന്റുകൾ ദ്രവീകൃത പ്രകൃതി വാതകത്തിലേയ്ക്ക് മാറിയത് കമ്പനിയുടെ സാമ്പത്തികബാദ്ധ്യത വർദ്ധിപ്പിച്ചു. സർക്കാർ പൊതുമേഖലാ സ്ഥാപനങ്ങളിൽനിന്ന് ലഭിക്കുന്ന ഓർഡറുകൾക്ക് അഡ്വാൻസ് ലഭിക്കാത്തതുമൂലം എച്ച്.എം.റ്റി.-യും സാമ്പത്തിക

പ്രതിസന്ധിയിലാണ്. ആഗോള സാമ്പത്തിക മാന്ദ്യത്തിന്റെ ഫലമായി കൊച്ചിൻ ഷിപ്പിയാർഡിനാവശ്യമായ ഓർഡറും ലഭിക്കുന്നില്ല. ഖനന പ്രവർത്തനങ്ങൾക്ക് എതിരായുള്ള തദ്ദേശവാസികളുടെ സമരവും ഏറ്റെടുക്കുന്ന ഭൂമിയുടെ വില സംബന്ധിച്ച തർക്കവുംമൂലം ഐ.ആർ.ഇ. കമ്പനിക്ക് കാര്യക്ഷമമായി പ്രവർത്തിക്കാൻ ബുദ്ധിമുട്ട് നേരിടുന്നുണ്ട്. നഷ്ടത്തിലായ യൂണിറ്റുമായി ലിങ്ക് ചെയ്യുന്നത് ലാഭത്തിൽ പ്രവർത്തിക്കുന്ന ഐ.ടി.ഐ-യുടെ പ്രവർത്തനത്തെ ദോഷകരമായി ബാധിക്കുന്നുണ്ട്. കപ്പൽ അടുപ്പിക്കുന്നതിനുള്ള ആഴം നിലനിർത്തുന്നതിനുവേണ്ടി കൊച്ചി തുറമുഖത്ത് വർഷംതോറും ഡ്രെഡ്ജിംഗ് നടത്തുന്നതും സാമ്പത്തിക ബാധ്യതയുണ്ടാക്കുന്നു. ഹിന്ദുസ്ഥാൻ ഓർഗാനിക് കെമിക്കൽസിലെ ഉൽപ്പന്നങ്ങളായ ഫിനോള്, അസെറ്റോൺ എന്നിവയ്ക്ക് കേന്ദ്രസർക്കാർ ആന്റി ഡമ്പിംഗ് ഡ്യൂട്ടി പിൻവലിച്ചതുമൂലം ഇറക്കുമതി വർദ്ധിക്കുകയും പ്രസ്തുത സ്ഥാപനം നഷ്ടത്തിലാകുകയും ചെയ്തു. പാലക്കാടുള്ള ഇൻസ്ട്രുമെന്റേഷൻ ലിമിറ്റഡിന് ലഭിക്കുന്ന ഓർഡർ കുറഞ്ഞതുമൂലം പ്രസ്തുത സ്ഥാപനവും നഷ്ടത്തിലാണ്. ഹിന്ദുസ്ഥാൻ ന്യൂസ് പ്രിന്റ് ലിമിറ്റഡിന് ലഭ്യമാകുന്ന അസംസ്കൃത വസ്തുക്കളുടെ വില വർദ്ധിപ്പിക്കാതിരിക്കാൻ പരമാവധി ശ്രമിക്കുന്നുണ്ട്. കേന്ദ്ര പൊതുമേഖലാ സ്ഥാപനങ്ങളുടെ പ്രശ്നങ്ങൾക്ക് പരിഹാരമുണ്ടാക്കുന്നതിനായി കേന്ദ്ര സർക്കാരിന്റെ ബന്ധപ്പെട്ട വകുപ്പുമായി ബന്ധപ്പെടുന്നതും വിവിധ ട്രേഡ് യൂണിയനുകളുടെ മീറ്റിംഗ് വിളിച്ചുകൂട്ടുന്നതുമാണ്.

എല്.എന്.ജി.-ക്ക് ഏർപ്പെടുത്തിയ വാറ്റ് ഒഴിവാക്കുന്നത് സംബന്ധിച്ച് പരിശോധിക്കുന്നതാണ്.

**സബ്മിഷൻ**

(1) **<u>പി.എസ്.സി. പരീക്ഷ മാറ്റിവയ്ക്കൽ</u>**

<u>ശ്രീ. വി. ചെന്താമരാക്ഷന്</u>: പാലക്കാട്, കോട്ടയം ജില്ലകളിൽ നടക്കുന്ന ലോവർ ഡിവിഷൻ ക്ലാർക്ക് പരീക്ഷയും റെയിൽവേ വകുപ്പിന്റെ ഗ്രൂപ്പ് ഡി തസ്തികയിലേക്കുള്ള കായികക്ഷമത പരിശോധനയും ഒരേ ദിവസമായതിനാൽ രണ്ടിലും പങ്കെടുക്കാൻ അർഹരായ ഉദ്യോഗാർത്ഥികളുടെ അവസരം നഷ്ടമാകാതിരിക്കാൻ ഫെബ്രുവരി 8-ന് നടക്കുന്ന ലോവർ ഡിവിഷൻ ക്ലാർക്ക് പരീക്ഷ മാറ്റിവയ്ക്കാൻ നടപടി സ്വീകരിക്കണം.

മുഖ്യമന്ത്രി (<u>ശ്രീ. ഉമ്മൻ ചാണ്ടി</u>): നോട്ടിഫിക്കേഷൻ പുറപ്പെടുവിച്ച പരീക്ഷ മാറ്റിവയ്ക്കുന്നതുമൂലം സാമ്പത്തിക ബാദ്ധ്യത വരുമെന്നതിനാൽ ഫെബ്രുവരി 8-ന് നടക്കുന്ന ലോവർ ഡിവിഷൻ ക്ലാർക്ക് പരീക്ഷ മാറ്റിവയ്ക്കാൻ നിർവ്വാഹമില്ലെന്നാണ് പി.എസ്.സി. അറിയിച്ചിരിക്കുന്നത്.

(2) **<u>മഹാത്മ അയ്യങ്കാളിയുടെ ജന്മദിനവും ചരമദിനവും അവധിയായി പ്രഖ്യാപിക്കൽ</u>**

<u>ശ്രീ. പി. സി. ജോർജ്</u>: അധ:സ്ഥിത ജനതയുടെ വിമോചകനും പട്ടികജാതി-പട്ടികവർഗ്ഗ നേതാവും സാധുജന പരിപാലന സംഘം സ്ഥാപകനുമായ മഹാത്മ

അയ്യങ്കാളിയുടെ ജന്മദിനമായ ആഗസ്റ്റ് 28-ഉം ചരമദിനമായ ജൂൺ 18-ഉം സർക്കാർ അവധി ദിവസങ്ങളായി പ്രഖ്യാപിക്കാൻ നടപടി സ്വീകരിക്കണം.

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി): മഹാത്മാ അയ്യങ്കാളിയുടെ ഓർമ്മ നിലനിർത്തുന്നതിനായി ഗവൺമെന്റ് നടപടികൾ സ്വീകരിക്കുന്നതാണ്. ഇപ്പോൾ അവധി ദിവസങ്ങളുടെ എണ്ണം കൂടുതലായതിനാലും അവധി അനുവദിക്കുന്നതിനായുള്ള നിരവധി അപേക്ഷകൾ പെന്റിംഗിൽ ആയതിനാലും അദ്ദേഹത്തിന്റെ ജനന/മരണ ദിവസങ്ങളിൽ അവധി അനുവദിക്കുന്ന കാര്യം പരിഗണിച്ചിട്ടില്ല.

## (3) **പാസ്സ്‌പോർട്ട് ലഭിക്കുന്നതിലെ കാലതാമസം**

ശ്രീ. എന്. എ. നെല്ലിക്കുന്ന്: പാസ്സ്‌പോർട്ടിനുള്ള അപേക്ഷകളിന്മേൽ വെരിഫിക്കേഷൻ നടത്തുന്നതിനായി വരുന്ന പോലീസ് ഉദ്യോഗസ്ഥർ താല്ക്കാലികാവശ്യങ്ങൾക്കായി വീടിനു പുറത്തുപോകുന്ന അപേക്ഷകരെക്കുറിച്ച് അപേക്ഷകൻ സ്ഥലത്തില്ലെന്ന് റിപ്പോർട്ടു ചെയ്യുന്നതിനാലുണ്ടാകുന്ന ബുദ്ധിമുട്ട് പരിഹരിക്കുന്നതിനും പാസ്പോർട്ട് വെരിഫിക്കേഷൻ ഒരു പ്രത്യേക വിഭാഗത്തെ ഏൽപ്പിക്കുന്നതിനും നടപടി സ്വീകരിക്കണം.

ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി (ശ്രീ. രമേശ് ചെന്നിത്തല): അപേക്ഷകൻ താമസ സ്ഥലത്തുനിന്നും പുറത്തുപോയിരിക്കുന്ന വേളയിൽ പാസ്പോർട്ട് വെരിഫിക്കേഷനായി എത്തുന്ന ഉദ്യോഗസ്ഥർ അപേക്ഷകരെ

ഫോൺ മുഖേന ബന്ധപ്പെടുകയും വിശദമായ അന്വേഷണം നടത്തി റിപ്പോർട്ട് സമർപ്പിക്കുകയും ചെയ്യുന്നുണ്ട്. സേവനാവകാശ നിയമ പ്രകാരം പാസ്സ്പോർട്ടിനുള്ള അപേക്ഷകളിൽ അന്വേഷണം നടത്തി ഇരുപത്തിയൊന്ന് ദിവസങ്ങൾക്കകം റിപ്പോർട്ട് സമർപ്പിക്കേണ്ടതാണ്. ഇതിൽ വീഴ്ചയുണ്ടായാൽ ജില്ലാ പോലീസ് അധികാരികൾക്ക് അപ്പീൽ നൽകാവുന്നതാണ്. കാസർഗോഡ് ജില്ലയിലെ കേസ്സുകളുമായി ബന്ധപ്പെട്ട കാലതാമസം പരിഗണിച്ച് ക്രമസമാധാന പാലനവും കുറ്റാന്വേഷണവും രണ്ടായി തിരിക്കുന്നതിന് നടപടികൾ ആരംഭിച്ചിട്ടുണ്ട്. ഇതിലൂടെ പാസ്സ്പോർട്ട് വെരിഫിക്കേഷന്റെ കാര്യത്തിലും തീരുമാനമുണ്ടാകുമെന്ന് പ്രതീക്ഷിക്കുന്നു.

(4) **<u>സോഷ്യൽ മീഡിയയിലൂടെയുള്ള സ്വഭാവഹത്യ</u>**

<u>ശ്രീ. വി. പി. സജീന്ദ്രന്:</u> ഫെയിസ് ബുക്ക് ഉൾപ്പെടെയുള്ള സോഷ്യൽ മീഡിയയിലൂടെ അശ്ലീലച്ചുവയുള്ളതും വ്യക്തിഹത്യ നടത്തുന്നതുമായ പ്രസ്താവനകൾ നടത്തുന്നവർക്കെതിരെ കർശന നടപടികൾ സ്വീകരിക്കണം. സൈബർ കുറ്റകൃത്യങ്ങളിൽ ഏർപ്പെടുന്നവരെ മാതൃകാപരമായി ശിക്ഷിക്കണം.

ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി (<u>ശ്രീ. രമേശ് ചെന്നിത്തല</u>): സോഷ്യൽ നെറ്റ്‌വർക്ക് സൈറ്റുകളിലൂടെ അപകീർത്തികരമായ പ്രസ്താവനകൾ നടത്തുന്നവർക്കെതിരെ ഐ.ടി. ആക്ട് പ്രകാരവും ഐ.പി.സി. പ്രകാരവും കേസ്സുകൾ രജിസ്റ്റർചെയ്ത് കർശന നടപടികൾ സ്വീകരിച്ചുവരുന്നു.

ഫെയിസ്ബുക്ക് വഴി വ്യക്തികളെ അപമാനിക്കുന്ന തരത്തിലുള്ള മെസ്സേജുകൾ പോസ്റ്റ് ചെയ്തതിന് കഴിഞ്ഞവർഷം കേരളത്തിലാകമാനം 154 കേസ്സുകൾ രജിസ്റ്റർ ചെയ്യുകയും 32 പ്രതികളെ അറസ്റ്റ് ചെയ്ത് നിയമനടപടികൾ സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്. സൈബർ സെല്ലിന്റെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിന് നടപടികൾ സ്വീകരിക്കും.

## (5) മോഹനന്റെ ദുരൂഹ മരണം

ശ്രീ. പി. ശ്രീരാമകൃഷ്ണൻ : കുറ്റിപ്പാല അമ്പലവളപ്പിൽ മോഹനൻ പൊന്നാനി ചങ്ങരംകുളം പോലീസ് സ്റ്റേഷനിലെ പോലീസുകാരുടെ മർദ്ദനത്തെത്തുടർന്ന് മരണമടഞ്ഞ സംഭവത്തിൽ കുറ്റക്കാർക്കെതിരെയും തീരദേശ പോലീസ് സ്റ്റേഷനുകളിൽ കുറ്റവാളികളെ സംരക്ഷിക്കുന്ന ഉദ്യോഗസ്ഥർക്കെതിരെയും നടപടി സ്വീകരിക്കണം.

ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി (ശ്രീ. രമേശ് ചെന്നിത്തല): ചങ്ങരംകുളം പോലീസ് സ്റ്റേഷൻ പരിധിയിൽ കുറ്റിപ്പാല എന്ന സ്ഥലത്ത് താമസിക്കുന്ന മോഹനനും അളിയൻ ബാബുവും ചേർന്ന് 26-1-2014-ന് വൈകിട്ട് നാലുമണിയോടെ കുഞ്ഞാപ്പുകുട്ടി എന്നയാളുടെ വീട്ടിൽ ചെന്ന് അദ്ദേഹത്തെയും ഭാര്യയേയും ദേഹോപദ്രവം ഏൽപ്പിച്ചതിന് ഇരുവരെയും പ്രതികളാക്കി 27-1-2014-ന് ഒരു കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തിവരുന്നു. പോലീസിൽ നൽകിയ പരാതി പിൻവലിക്കണമെന്നാവശ്യപ്പെട്ട് ശല്യം

ചെയ്യുന്നുവെന്ന് കുഞ്ഞാപ്പകുട്ടിയുടെ ഭാര്യ ഫോൺ ചെയ്തതിന്റെ അടിസ്ഥാനത്തിൽ മോഹനനെയും സുഹൃത്തുക്കളെയും അറസ്റ്റ് ചെയ്ത സമയത്ത് മോഹനൻ മദ്യപിച്ചിരുന്നതിനാൽ വൈദ്യപരിശോധനയ്ക്ക് വിധേയനാക്കുകയും മോഹനന്റെയും സുഹൃത്തുക്കളുടെയും പേരിൽ കേസുകൾ ചാർജ്ജ് ചെയ്ത് രാത്രിയോടെ ജാമ്യത്തിൽ വിടുകയും ചെയ്തു. ജനുവരി 27-ന് പുലർച്ചെ ദേഹാസ്വാസ്ഥ്യം ഉണ്ടായതിനെത്തുടർന്ന് മോഹനനെ വീട്ടുകാർ ആശുപത്രിയിലെത്തിക്കുകയും ചികിത്സയിലിരിക്കെ ജനുവരി 28-ന് രാത്രി ഏഴുമണിയോടെ മരണപ്പെടുകയുമാണുണ്ടായത്. സ്ഥലം സന്ദർശിച്ച് അന്വേഷണം നടത്തി റിപ്പോർട്ട് സമർപ്പിക്കാൻ തൃശ്ശൂർ റേഞ്ച് ഐ.ജി.-യെ ചുമതലപ്പെടുത്തിയിട്ടുണ്ട്. കോസ്റ്റൽ മേഖലയിലെ പ്രശ്നങ്ങൾ ഗൗരവമായി പരിശോധിക്കും.

### (6) **കർഷക തൊഴിലാളി പെൻഷൻ**

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: കർഷക തൊഴിലാളി പെൻഷൻ ലഭിക്കുന്നതിനുള്ള വരുമാനപരിധി ഉയർത്തുന്നതിനും പെൻഷൻ തുക വർദ്ധിപ്പിക്കുന്നതിനും നടപടി സ്വീകരിക്കണം.

തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി (ശ്രീ. ഷിബു ബേബി ജോൺ): വരുമാനപരിധി ഉയർത്തിയ സാഹചര്യത്തിൽ പലർക്കും അർഹതപ്പെട്ട പെൻഷൻ ലഭിക്കാത്ത അവസ്ഥയുള്ളതിനാൽ കുടുംബവരുമാനപരിധി

എന്നുള്ളത് മാറ്റി വ്യക്തിയുടെ വരുമാനം വരുമാനപരിധിയായി പരിഗണിച്ചുകൊണ്ട് പെൻഷൻ കൊടുക്കുന്നതിനെപ്പറ്റി ആലോചിച്ച് തീരുമാനമെടുക്കും. സമാനമായ മറ്റ് പെൻഷൻ സ്കീമുകൾ കൂടി പരിശോധിച്ച് പെൻഷനുകൾക്ക് ഏകീകൃത സ്വഭാവം കൊണ്ടുവരുന്നതിനും നടപടി സ്വീകരിക്കുന്നതാണ്.

## (7) <u>വൈദ്യുതി ലഭ്യമാക്കൽ</u>

<u>ശ്രീ. കെ. രാജു</u> : കൊല്ലം ജില്ലയിൽ കുളത്തൂർ ഗ്രാമപഞ്ചായത്തിലെ റോസ് മലയിലെ നാന്നൂറ്റിയമ്പതോളം വരുന്ന കുടുംബങ്ങൾക്ക് വൈദ്യുതി ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കണം

ഊർജ്ജ വകുപ്പുമന്ത്രി (<u>ശ്രീ. ആര്യാടൻ മുഹമ്മദ്</u>): കുളത്തൂപ്പുഴ ഗ്രാമപഞ്ചായത്തിലെ റോസ് മലയിലേയ്ക്ക് വൈദ്യുതി ലൈൻ നീട്ടാൻ രാജീവ് ഗാന്ധി ഗ്രാമീണ വൈദ്യുതീകരണ പദ്ധതിയിൽ 66.06 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് സമർപ്പിച്ചിട്ടുണ്ട്. ഇതിന്റെ 8 കിലോമീറ്റർ വനത്തിലൂടെയും 1.2 കിലോമീറ്റർ വൈൽഡ് ലൈഫ് ഏരിയയിലുമായതിനാൽ പ്രത്യേക അനുവാദത്തിനുവേണ്ടി അപേക്ഷ സമർപ്പിച്ചിട്ടുണ്ട്. വൈൽഡ് ലൈഫ് ഏരിയയിൽ വന്യമൃഗങ്ങളുടെ സ്വൈര്യസഞ്ചാരത്തിന് വിഘാതമാകാതെ അണ്ടർ ഗ്രൗണ്ട് കേബിൾ ഇടാനാണ് തീരുമാനിച്ചിരിക്കുന്നത്. അതിന് 21 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് ആർ.ജി.ജി.വി.വൈ-യിൽ സമർപ്പിച്ചിട്ടുണ്ട്. തുക

അനുവദിക്കുന്ന മുറയ്ക്ക് ഇതിന്റെ പ്രവൃത്തി ആരംഭിക്കുന്നതാണ്. തുക അനുവദിക്കാതെ വരുന്ന സാഹചര്യത്തിൽ റോഡിന്റെ സൈഡിലൂടെ ലൈൻ വലിക്കുന്നതിനെക്കുറിച്ച് ആലോചിക്കുന്നതാണ്.

## (8) 110 കെ.വി. ലൈൻ പുനർനിർമ്മാണം

ശ്രീ. കെ. കെ. നാരായണൻ: നല്ലളം-വടകര തലശ്ശേരി വഴി കണ്ണൂർ മുണ്ടയാടേക്ക് പോകുന്ന 110 കെ.വി. ലൈൻ പുതുക്കിപ്പണിയുന്നതിന് നടപടി സ്വീകരിക്കണം.

ഊർജ്ജ വകുപ്പുമന്ത്രി (ശ്രീ. ആര്യാടൻ മുഹമ്മദ്): വടകര-തലശ്ശേരി ലൈൻ പുനർനിർമ്മാണത്തിന് 2010-ൽ ടെണ്ടർ നടപടികൾ സ്വീകരിച്ചെങ്കിലും ടെണ്ടറെടുക്കാൻ ആളില്ലാതെ വന്നതുകൊണ്ട് പണി നടത്താൻ സാധിച്ചില്ല. 2013-ൽ വീണ്ടും ടെണ്ടർ ചെയ്തെങ്കിലും ക്വാട്ട് ചെയ്ത തുക വളരെ കൂടുതലായതിനാൽ അവരുമായി നെഗോസിയേഷൻ നടത്തുന്ന കാര്യം ബോർഡ് യോഗത്തിൽ പരിഗണിച്ച് ആവശ്യമായ നടപടി സ്വീകരിക്കും.

## (9) പ്രീ-പ്രൈമറി അദ്ധ്യാപകരുടെ ശമ്പളം

ശ്രീ. എം. പി. വിൻസന്റ്: കേരള സംസ്ഥാന പ്രീ-പ്രൈമറി സ്കൂൾ അദ്ധ്യാപകരുടെ ശമ്പള വിതരണം സംബന്ധിച്ച അപാകതകൾ പരിഹരിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കണം.

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. പി. കെ. അബ്ദു റബ്ബ്): 6-2-1988-ലെ ഉത്തരവ് പ്രകാരം സർക്കാർ സ്കൂളിനോടനുബന്ധിച്ച് പ്രീ-പ്രൈമറി സ്കൂൾ തുടങ്ങുവാൻ പാരന്റ് ടീച്ചേഴ്സ് അസോസിയേഷന് അധികാരം നൽകിയതോടൊപ്പം ബന്ധപ്പെട്ട ജീവനക്കാർക്ക് പ്രതിഫലം നൽകുന്നതിനുള്ള ഉത്തരവാദിത്വവും പി.ടി.എ.-ക്കായിരുന്നു. സർക്കാർ സ്കൂളിനോടനുബന്ധിച്ച് പ്രവർത്തിക്കുന്ന പ്രീ-പ്രൈമറി സ്കൂളിലെ യോഗ്യതയുള്ള അദ്ധ്യാപകർക്കും ആയമാർക്കും പ്രതിമാസം 5000 രൂപയും 3500 രൂപയും യഥാക്രമം ഓണറേറിയമായി അനുവദിച്ചുകൊണ്ട് 1-8-2012-മുതൽ ഉത്തരവായി. സർക്കാരിന്റെ മുൻകൂർ അനുവാദമില്ലാതെ പുതുതായി ക്ലാസ്സുകൾ ആരംഭിക്കാൻ പാടില്ലെന്നും പ്രസ്തുത ഉത്തരവിൽ വ്യക്തമാക്കിയിട്ടുണ്ട്. ടി ഉത്തരവിന്റെ അടിസ്ഥാനത്തിൽ ജീവനക്കാരുടെ കണക്കെടുത്തപ്പോൾ പി.ടി.എ. നിയമിച്ച നിരവധി ജീവനക്കാർ സർക്കാർ നിശ്ചയിച്ച യോഗ്യത നേടിയവരല്ലെന്ന് മനസ്സിലായെങ്കിലും നിരവധി വർഷങ്ങളായി ജോലി നോക്കുന്നവരായതിനാൽ മാനുഷിക പരിഗണന നൽകി നിശ്ചിത യോഗ്യത നേടാത്ത ജീവനക്കാരും 1-8-2012-ൽ ഒരു വർഷത്തെ സർവ്വീസ് പൂർത്തിയാക്കിയിട്ടുണ്ടെങ്കിൽ വർദ്ധിപ്പിച്ച നിരക്കിലുള്ള ഓണറേറിയത്തിന് അർഹതയുണ്ടായിരിക്കുന്നതാണെന്ന് ഉത്തരവ് പുറപ്പെടുവി

ച്ചിട്ടുണ്ട്. മേൽപ്പറഞ്ഞ ഉത്തരവുകളുടെ അടിസ്ഥാനത്തിൽ ഓണറേറിയത്തിന് അർഹതയുള്ള ജീവനക്കാരുടെ കണക്കെടുക്കുന്നതിനും ശമ്പളം വിതരണം ചെയ്യുന്നതിനും കാലതാമസം ഉണ്ടായിട്ടുണ്ട്. അർഹതയുള്ള അദ്ധ്യാപകരെ പിരിച്ചുവിട്ടിട്ട് പുതിയ അദ്ധ്യാപകരെ നിയമിച്ചതായുള്ള പരാതികളും ലഭിച്ചിട്ടുണ്ട്. ഇക്കാര്യങ്ങൾ പരിഹരിച്ച് ഓണറേറിയം വിതരണം ചെയ്യാൻ ബന്ധപ്പെട്ടവർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

## (10) വന്യമൃഗ ശല്യ പ്രതിരോധ പ്രവർത്തനങ്ങൾ

ശ്രീ. എം. വി. ശ്രേയാംസ് കുമാര്: വയനാട് ജില്ലയിൽ വന്യമൃഗശല്യ പ്രതിരോധ പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കുന്നതിനുവേണ്ട നടപടി സ്വീകരിക്കണം.

വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി (ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണന്): വയനാട്ടിൽ 290.8 കിലോമീറ്റർ നീളത്തിൽ വൈദ്യുതി കമ്പിവേലി നിർമ്മിക്കുന്നതിന് നബാർഡിന്റെ സഹായത്തോടെ 603.95 ലക്ഷം രൂപയുടെ ഒരു പദ്ധതി നടപ്പാക്കിയതിന്റെ ഭാഗമായി വന്യജീവി സങ്കേതത്തിന്റെ അതിർത്തിയിൽ വൈദ്യുതിവേലി, കമ്പി, ആന പ്രതിരോധ

കിടങ്ങ്, മതിൽ എന്നിവ നിർമ്മിക്കുന്നതിനും എലിഫന്റ്സ് സ്ക്വാഡ് രൂപീകരിക്കുന്നതിനുമായി ഒരു പദ്ധതിക്ക് സർക്കാർ ഭരണാനുമതി നൽകിയിട്ടുണ്ട്. വന സംരക്ഷണ പ്രവർത്തനങ്ങൾക്കായി അഞ്ച് പുതിയ ഫോറസ്റ്റ് സ്റ്റേഷനുകൾ അനുവദിച്ചിട്ടുണ്ട്. എലിഫന്റ് സ്ക്വാഡിനായി 53 തസ്തികകൾ സൃഷ്ടിക്കാനുള്ള തീരുമാനമെടുത്തിട്ടുണ്ട്. വന്യമൃഗങ്ങൾമൂലമുള്ള കൃഷി നാശങ്ങൾക്കും ആളപായങ്ങൾക്കും നൽകിവരുന്ന നഷ്ടപരിഹാരത്തുക വർദ്ധിപ്പിച്ചിട്ടുണ്ട്. കൽപ്പറ്റയിലും സമീപ പ്രദേശങ്ങളിലും കുരങ്ങുകൾ സൃഷ്ടിക്കുന്ന പ്രശ്നങ്ങളും സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുകയും കുരങ്ങുകളെ വന്ധീകരിക്കുന്നതിനും താൽക്കാലിക പരിഹാരമെന്ന നിലയിൽ അവയെ പിടിച്ച് കാട്ടിലേക്ക് മടക്കിവിടുന്നതിനുമുള്ള നടപടി സ്വീകരിക്കുന്നുണ്ട്. ഈ പ്രശ്നം പരിഹരിക്കുന്നതിന് വനംവകുപ്പ് എല്ലാ നടപടികളും പൊതുജന സഹകരണത്തോടെ തുടർന്നും ഫലപ്രദമായി നടപ്പാക്കുന്നതാണ്.

## (11) ആദിച്ചനല്ലൂർ ചിറ ടൂറിസം പദ്ധതി

<u>ശ്രീ. ജി. എസ്. ജയലാല്:</u> കൊല്ലം ജില്ലയിലെ ചാത്തന്നൂർ നിയോജകമണ്ഡലത്തിലെ ആദിച്ചനല്ലൂർ ചിറ ടൂറിസം പദ്ധതി പ്രാവർത്തികമാക്കുന്നതിനുള്ള നടപടി സ്വീകരിക്കണം.

പട്ടികജാതി-പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി (ശ്രീ. എ. പി. അനിൽ കുമാർ): കൊല്ലം ജില്ലയിലെ ചാത്തന്നൂർ നിയോജകമണ്ഡലത്തിലെ ആദിച്ചനല്ലൂർ ചിറയുടെ വികസനത്തിനായി കിറ്റ്കോ തയ്യാറാക്കിയ പ്രോജക്ട് റിപ്പോർട്ട് ഗവൺമെന്റിന് ലഭിച്ചിട്ടുണ്ട്. ഈ പ്രദേശത്തിന്റെ ടൂറിസം സാധ്യതകൾ പരമാവധി പ്രയോജനപ്പെടുന്ന വിധത്തിൽ ചിറയുടെ നവീകരണം, പാർക്കിംഗ് ഏരിയ, ലാന്റ്സ്കേപ്പിംഗ്, സീറ്റിംഗ് മുതലായ പ്രവൃത്തികൾ പ്രോജക്ട് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. പദ്ധതി നടത്തിപ്പിനെ സംബന്ധിച്ചും പൂർത്തീകരണത്തിനുശേഷമുള്ള സംരക്ഷണമടക്കമുള്ള പ്രവർത്തനങ്ങളെ സംബന്ധിച്ചുമുള്ള സാധ്യതാപഠനം അനിവാര്യമാണ്. ഇത് ഏത് ഏജൻസിയുടെ കീഴിലാക്കണമെന്നതിനെ സംബന്ധിച്ച റിപ്പോർട്ട് കൊല്ലം ഡി.ടി.പി.സി.-യിൽനിന്നും കിട്ടിയാലുടൻ ഇതിനാവശ്യമായ ഫണ്ട് അനുവദിക്കുന്നതാണ്.

## (12) റവന്യൂ പുറമ്പോക്ക് കൈവശപ്പെടുത്തൽ

ശ്രീ. പി. എ. മാധവൻ: മണലൂർ നിയോജകമണ്ഡലത്തിലെ അരിമ്പൂർ ഗ്രാമപഞ്ചായത്ത് ഓഫീസിന് സമീപത്തുള്ള റവന്യൂ പുറമ്പോക്ക് കൈവശപ്പെടുത്താനുള്ള നീക്കം തടയാനും പ്രസ്തുത സ്ഥലം ഗ്രാമപഞ്ചായത്തിന്

ലഭ്യമാക്കുന്നതിനുമുള്ള നടപടി സ്വീകരിക്കണം.

റവന്യൂവും കയറും വകുപ്പുമന്ത്രി (ശ്രീ. അടൂർ പ്രകാശ്) : അന്തിക്കാട് കൊപ്രാ സഹകരണ സംഘത്തിന്റെ പേരിൽ രജിസ്റ്റർ ചെയ്തിരിക്കുന്നതും കേരളാ ആഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷന്, മോട്ടോർ വാഹന വകുപ്പ്, അരിമ്പൂർ ഗ്രാമപഞ്ചായത്ത് എന്നീ സ്ഥാപനങ്ങൾ അവകാശവാദം ഉന്നയിച്ചിരിക്കുന്നതുമായ ഭൂമിയുടെ അവകാശം വിട്ടുകിട്ടണമെന്നാവശ്യപ്പെട്ട് ഹൈക്കോടതിയിൽ സമർപ്പിച്ച മറ്റൊരു കേസ്സുമായി ബന്ധപ്പെട്ട് ജില്ലാ കളക്ടർ വിളിച്ചുകൂട്ടുന്ന യോഗത്തിൽ എം.എല്.എ.-യെക്കൂടി പങ്കെടുപ്പിക്കുന്നതും ചർച്ച നടത്തി തീരുമാനമെടുക്കുന്നതുമാണ്.

## (13) **ബൈപ്പാസ് നിർമ്മാണം**

ശ്രീ. റ്റി. യു. കുരുവിള: സർവ്വേ നമ്പരിൽ വന്ന പിശക് പരിഹരിച്ച് കോതമംഗലം നിയോജകമണ്ഡലത്തിലെ മുടങ്ങിക്കിടക്കുന്ന തങ്കളം-കോഴിപ്പിള്ളി ബൈപ്പാസിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ പുനരാരംഭിക്കുന്നതിന് നടപടി സ്വീകരിക്കണം.

റവന്യൂവും കയറും വകുപ്പുമന്ത്രി (ശ്രീ. അടൂർ പ്രകാശ്) : തങ്കളം-കോഴിപ്പിള്ളി ബൈപ്പാസ് നിർമ്മാണത്തിനുവേണ്ടി ഏറ്റെടുത്ത് പൊതുമരാമത്ത് വകുപ്പിന് കൈമാറിയിട്ടുള്ള സ്ഥലത്തിന്റെ സർവ്വേ നമ്പരിൽ വന്ന പിശക് സംബന്ധിച്ച്

ഫയൽ ചെയ്ത കേസ്സിലെ സ്റ്റേ നീക്കം ചെയ്യുകയും രണ്ടുകോടി രൂപയുടെ അവാർഡ് പാസ്സാക്കി പ്രമാണമുള്ള ഭൂമിക്ക് നഷ്ടപരിഹാരം അനുവദിക്കുകയും പ്രമാണമില്ലാത്ത ഭൂമിക്കുള്ള നഷ്ടപരിഹാരം കോടതിയിൽ കെട്ടിവയ്ക്കുകയും ചെയ്തിട്ടുണ്ട്. പൊതുമരാമത്ത് വകുപ്പ് സമർപ്പിക്കുന്ന അഡീഷണൽ റിക്വിസിഷന് അനുസരിച്ചുള്ള പൊന്നുംവില നടപടികൾ അന്തിമ ഘട്ടത്തിലാണ്.

(14) **അമർ വിനായകിന് സാമ്പത്തിക സഹായം**

ശ്രീ. സി. ദിവാകരൻ : ചികിത്സാ പിഴവുമൂലം വിരൽ മുറിച്ചുമാറ്റേണ്ടിവന്ന അമർ വിനായക് എന്ന സ്കൂൾ വിദ്യാർത്ഥിക്ക് സാമ്പത്തിക സഹായം നൽകുന്നതിന് നടപടി സ്വീകരിക്കണം.

ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. വി.എസ്. ശിവകുമാര്): മോതിരവിരലിന് പരുക്കേറ്റ് കരുനാഗപ്പള്ളി താലൂക്കാശുപത്രിയിലെ കാഷ്വാലിറ്റിയിൽ പ്രവേശിപ്പിക്കപ്പെട്ട അമർ വിനായക് എന്ന വിദ്യാർത്ഥിക്ക് ഡ്യൂട്ടി ഡോക്ടർ ആവശ്യമായ ചികിത്സ നൽകുകയും അടുത്ത ദിവസം സർജനെ കാണണമെന്ന് നിർദ്ദേശിക്കുകയും ചെയ്തിരുന്നു. എന്നാൽ സർജന്റെ സേവനം ഉപയോഗപ്പെടുത്താത്തതിനെ തുടർന്ന് വിരൽ മുറിച്ചു മാറ്റേണ്ടിവന്നത് ചികിത്സാ പിഴവായി കണക്കാക്കി ബന്ധുക്കൾ നൽകിയ പരാതിയുടെ അടിസ്ഥാനത്തിൽ ബന്ധപ്പെട്ട ഡോക്ടറുടെ പേരിൽ നടപടി സ്വീകരിക്കുകയും സംഭവത്തിന്റെ നിജസ്ഥിതി കണ്ടെത്തുന്നതിനായി

നിയോഗിച്ചിട്ടുള്ള ജില്ലാ മെഡിക്കൽ ഓഫീസർ സമർപ്പിക്കുന്ന റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ സാമ്പത്തിക സഹായം നൽകുന്ന കാര്യം പരിഗണിക്കുന്നതുമാണ്.

(15) X **ഡോക്ടർമാരുടെ ഒഴിവുകൾ നികത്തൽ**

ശ്രീ. കെ. കെ. ജയചന്ദ്രന്: നെടുങ്കണ്ടം താലൂക്കാശുപത്രിയിൽ നിലവിലുള്ള ഡോക്ടർമാരുടെ ഒഴിവുകൾ നികത്തി ആശുപത്രിയുടെ പ്രവർത്തനം സുഗമമാക്കുന്നതിന് നടപടി സ്വീകരിക്കണം.

ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. വി.എസ്. ശിവകുമാര്) : ഡോക്ടർമാരുടെ പതിനഞ്ച് തസ്തികകൾ നിലവിലുള്ള നെടുങ്കണ്ടം താലൂക്കാശുപത്രിയില്, അഡ്ഹോക്ക് പോസ്റ്റിംഗിൽ മൂന്ന് പേരെ നിയമിച്ചിട്ടുള്ളതുകൂടാതെ എന്.ആര്.എച്ച്.എം. മുഖേന നിയമിച്ചിട്ടുള്ള ഡോക്ടർ ഗൈനക്കോളജി വിഭാഗം കൈകാര്യം ചെയ്യുന്നുണ്ട്. ഇ.എന്.ടി., ഒഫ്താൽമോളജി വകുപ്പുകളിലെ സ്പെഷ്യലിസ്റ്റ് ഡോക്ടർമാർ വർക്കിംഗ് അറേഞ്ച്മെന്റിൽ മറ്റ് ജില്ലകളിൽ ജോലി ചെയ്തുവരുന്നു. ജൂനിയർ കൺസൾട്ടന്റിന്റെ ഒഴിവുള്ള തസ്തികയിലേയ്ക്ക് സ്പെഷ്യാലിറ്റി കേഡർ സംവിധാനംവഴി നിയമനം നടത്തുന്നതാണ്. സർവ്വീസിൽ പി.ജി. യോഗ്യതയുള്ള അസിസ്റ്റന്റ് സർജൻമാർക്ക് സ്പെഷ്യലിസ്റ്റ് ഡോക്ടർമാരായി നിയമനം നൽകുന്നതിനുള്ള സീനിയോറിറ്റി ലിസ്റ്റ് തയ്യാറാക്കി ഒഴിവുള്ള തസ്തികകളും സൂപ്രണ്ട് തസ്തികയും

നികത്തുന്നതിന് നടപടി സ്വീകരിക്കുന്നതാണ്.

(16) **തെരുവുനായ ശല്യം**

ശ്രീ. വി. ശിവൻകുട്ടി : തലസ്ഥാന നഗരിയിൽ രൂക്ഷമായിരിക്കുന്ന തെരുവുനായ്ക്കളുടെ ശല്യം നിയന്ത്രിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കണം.

നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി (ശ്രീ. മഞ്ഞളാംകുഴി അലി): സംസ്ഥാനത്തെ നഗരപ്രദേശങ്ങളിൽ തെരുവുനായ്ക്കളുടെ ശല്യം രൂക്ഷമായതിനെത്തുടർന്നുവന്ന പത്രവാർത്തകളുടെ അടിസ്ഥാനത്തിൽ 2001-ലെ അനിമൽ ബെർത്ത് കൺട്രോൾ നിയമവ്യവസ്ഥകൾ പ്രകാരം തിരുവനന്തപുരം കോർപ്പറേഷനിൽ പത്ത് വെറ്ററിനറി ഡോക്ടർമാരെ കരാറടിസ്ഥാനത്തിൽ നിയമിച്ച് നായ്ക്കളിൽ വന്ധ്യംകരണ മാർഗ്ഗങ്ങൾ ശക്തിപ്പെടുത്താൻ തീരുമാനിച്ചിട്ടുണ്ട്. തെരുവുനായ്ക്കളുടെ എണ്ണം നിയന്ത്രിക്കുന്നതിനായി എസ്.പി.സി.ഐ, അനിമൽവെൽഫയർ ബോർഡ്, ജനകീയസമിതികൾ എന്നിവയുടെ സഹായത്തോടെ പദ്ധതികൾ ആവിഷ്ക്കരിക്കുന്നുണ്ട്. പേവിഷബാധയും മാരകരോഗങ്ങളും പിടിപെട്ടിട്ടുള്ള നായ്ക്കളെ ദയാവധം നടത്താനും മറ്റുള്ളവയെ വന്ധ്യംകരിക്കാനും സാധിക്കും. അലഞ്ഞുതിരിയുന്ന നായ്ക്കളെ നശിപ്പിക്കുന്നതിനായി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് ആവശ്യമായ എല്ലാ സഹായങ്ങളും നൽകുന്നതാണ്. ജനങ്ങളുടെ സ്വൈരജീവിതത്തിന് ഭീഷണിയായിക്കൊണ്ടിരിക്കുന്ന

സാഹചര്യത്തിൽ നിലവിലെ നിയമത്തിൽ ഭേദഗതി വരുത്താൻ കേന്ദ്രസർക്കാരിനോട് ആവശ്യപ്പെടുന്നതോടൊപ്പം dog lovers കൂടുതലുള്ള കൊറിയ, നാഗാലാന്റ് തുടങ്ങിയ സ്ഥലങ്ങളിലേയ്ക്ക് നായ്ക്കളെ എക്സ്പോർട്ട് ചെയ്യുന്ന കാര്യവും പരിശോധിക്കാവുന്നതാണ്.

**മേശപ്പുറത്തുവച്ച കടലാസ്സുകള്:**

കാര്യവിവരപ്പട്ടികയിലെ മൂന്നാമത്തെ ഇനം അനുസരിച്ചുള്ള കടലാസ്സുകൾ മേശപ്പുറത്തു വച്ചു.

**റിപ്പോർട്ട് സമർപ്പണം:**

പ്രവാസി മലയാളികളുടെ ക്ഷേമം സംബന്ധിച്ച സമിതിയുടെ നാലാമതും അഞ്ചാമതും റിപ്പോർട്ടുകൾ സമർപ്പിക്കപ്പെട്ടു.

**ചട്ടം 300 അനുസരിച്ചുള്ള പ്രസ്താവന:**

കണ്ണൂർ അന്താരാഷ്ട്ര വിമാനത്താവളത്തിന്റെ നിർമ്മാണ പ്രവർത്തനങ്ങളെ സംബന്ധിച്ച് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി പ്രസ്താവന നടത്തി.

**ധനകാര്യം:**

**2014-15 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിനെക്കുറിച്ചുള്ള പൊതു ചർച്ച**

(തുടർച്ച)

**ശ്രീ. ഐ. സി. ബാലകൃഷ്ണൻ** : ബഡ്ജറ്റിനെ അനുകൂലിക്കുന്നു.

പാവപ്പെട്ടവർക്ക് നികുതിഭാരം അടിച്ചേൽപ്പിക്കാത്ത അധിക വിഭവസമാഹരണ നിർദ്ദേശങ്ങൾ അടങ്ങുന്ന ഒരു ബഡ്ജറ്റാണിത്. ഇൻകം ഗ്യാരന്റി സ്കീം, വിള ഇൻഷ്വറൻസ്, ആരോഗ്യ ഇൻഷ്വറൻസ്, അഗ്രികാർഡ് പദ്ധതികള്, ഹൈടെക് കൃഷിരീതി എന്നിവ സ്വാഗതാർഹമാണ്. അടിസ്ഥാന മേഖലകളുടെ സംരക്ഷണത്തിനുതകുന്ന തരത്തിലുള്ള നിർദ്ദേശങ്ങളാണ് ബഡ്ജറ്റിൽ പരാമർശിച്ചിരിക്കുന്നത്. യുവജനങ്ങൾക്ക് കൂട്ടുകൃഷി നടത്തുന്നതിനുവേണ്ടി പലിശരഹിത വായ്പ, ഒരു ഹെക്ടറിൽ താഴെ കൃഷി ഭൂമിയുള്ള കുടുംബത്തിലെ ഗൃഹനാഥനോ ഗൃഹനാഥയോ മരണപ്പെട്ടാൽ അത്തരം സാധു കുടുംബങ്ങളെ സഹായിക്കാൻ കുടുംബസഹായ പദ്ധതി തുടങ്ങി കാർഷിക മേഖലയെ സമുദ്ധരിക്കാനുള്ള നിരവധി പദ്ധതികളാണ് ബഡ്ജറ്റിൽ അവതരിപ്പിച്ചിട്ടുള്ളത്. കാർഷിക പ്രതിസന്ധി രൂക്ഷമായ വയനാട് ജില്ലയിൽ കർഷകർ എടുത്ത വായ്പയുടെ പലിശയും പിഴപ്പലിശയും ഒഴിവാക്കി ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി നടപ്പിലാക്കണം. മഴവെള്ളം ശേഖരിച്ചുവയ്ക്കുന്നതോടൊപ്പം ഭൂമിയിൽത്തന്നെ നിർത്തുന്നതിനുള്ള സംവിധാനം വ്യാപകമാക്കുന്നതിനായി അരുവികൾ, ചെറു നീർച്ചാലുകൾ എന്നിവയുൾപ്പെടെ ചെറുകിട ജലസംഭരണ സംവിധാനങ്ങൾ ഒരുക്കുന്നതിനുള്ള ജലസമൃദ്ധ കേരളം പദ്ധതി ഒരു നൂതന ആശയമാണ്. മഴവെള്ളം ഫിൽട്ടർ ചെയ്ത് കിണറുകളിലേക്ക് ഒഴുക്കിവിടുന്നതിനുള്ള സംവിധാനംകൂടി ഏർപ്പെടുത്താനും വെള്ളം ഒഴുകിപ്പോകുന്നത് തടയാൻ

ചെക്ക്ഡാമുകൾ നിർമ്മിക്കാനും നടപടിയുണ്ടാകണം. കാർഷികോല്പാദനം, സംഭരണം, വിതരണം എന്നിവ കാര്യക്ഷമമാക്കുന്നതിനായി തുക വകയിരുത്തിയതും കാർഷി കോൽപ്പന്നങ്ങൾക്ക് ന്യായവില നൽകാനുള്ള തീരുമാനവും അഭിമാനാർഹ മാണ്. അമ്പലവയൽ കാർഷിക ഗവേഷണ കേന്ദ്രം മികവിന്റെ കേന്ദ്രമാക്കി മാറ്റുന്നതോടൊപ്പം കർഷകർക്ക് പ്രയോജനകരമാക്കുംവിധം പ്രസ്തുത സ്ഥാപനത്തിന്റെ പ്രവർത്തനത്തിന് കൂടുതൽ തുക വകയിരുത്താനും നടപടിയുണ്ടാകണം. വന്യജീവികളുടെ ആക്രമണത്തിൽ നിന്നും സംരക്ഷണം നൽകുന്നതിനായി ഫെൻസിംഗ് ഉൾപ്പെടെയുള്ള കൽമതിലുകൾ നിർമ്മിക്കാനും ആക്രമണത്തിനിരയാകുന്നവർക്കുള്ള നഷ്ടപരിഹാരം 5 ലക്ഷം രൂപയായി ഉയർത്താനും നടപടി സ്വീകരിക്കണം. 1-1-1977-നുമുമ്പ് ഭൂമി കൈവശം ഉണ്ടായിരുന്ന മുഴുവൻ മലയോര കർഷകർക്കും പട്ടയം നൽകാനുള്ള തീരുമാനം അഭിനന്ദനാർഹമാണ്. സംസ്ഥാനത്തെ മുഴുവൻ റോഡുകളും സഞ്ചാരയോഗ്യമാക്കാൻ കഴിഞ്ഞത് എടുത്തുപറയത്തക്ക നേട്ടമാണ്. വയനാട് ചുരം സംരക്ഷിക്കുന്നതോടൊപ്പംതന്നെ ബദൽ റോഡ് യാഥാർത്ഥ്യമാക്കുന്നതിനുള്ള നടപടിയുമുണ്ടാകണം. വയനാട് ജില്ലയിൽ ഗവൺമെന്റ് മെഡിക്കൽ കോളേജ് ആരംഭിക്കാനുള്ള തീരുമാനം ശ്ലാഘനീയമാണ്. പട്ടികജാതി-പട്ടികവർഗ്ഗ കോളനികളെ മോഡൽ കോളനികളാക്കാനുള്ള പുതിയ പദ്ധതികളും പട്ടികവർഗ്ഗക്കാരുടെ 50,000 രൂപ

വരെയുള്ള കടം എഴുതിത്തള്ളാനുള്ള തീരുമാനവും ആശ്വാസകരമാണ്. വയനാട് ജില്ലയിൽ കാലവർഷക്കെടുതിക്കിരയായവർക്ക് നഷ്ടപരിഹാരം നൽകാൻ നടപടിയു ണ്ടാകണം. അംഗൻവാടി വർക്കർമാരുടെ ഓണറേറിയം വർദ്ധിപ്പിക്കണം. സർക്കാർ കോൺട്രാക്ടർമാർക്ക് കോമ്പൗണ്ടിംഗ് നികുതി തെരഞ്ഞെടുക്കു ന്നതിന് മുൻകാല പ്രാബല്യം നൽകണം.

ശ്രീ. ബാബു എം. പാലിശ്ശേരി: ബഡ്ജറ്റിനെ എതിർക്കുന്നു. നിത്യോപയോഗ സാധനങ്ങളുടേയും പെട്രോളിയം ഉൽപ്പന്നങ്ങളുടേയും ക്രമാതീതമായ വിലക്കയറ്റം ജനജീവിതം ദുസ്സഹമാക്കിയിരിക്കുന്നു. വൻകിടക്കാരിൽനിന്നും കിട്ടാനുള്ള കോടിക്കണക്കിനു രൂപയുടെ നികുതി കുടിശ്ശിക പിരിച്ചെടുക്കാതെ ജനങ്ങൾക്കുമേൽ പുതിയ നികുതി നിർദ്ദേശങ്ങൾ അടിച്ചേൽപ്പിക്കുകയാണ്. പദ്ധതികൾ പ്രഖ്യാപിക്കുന്നതിൽ കക്ഷി-രാഷ്ട്രീയ വിവേചനം കാണിച്ച സർക്കാരാണിത്. കഴിഞ്ഞ ബഡ്ജറ്റിൽ 12 താലൂക്കുകൾ അനുവദിച്ചപ്പോഴും കുന്നംകുളം മണ്ഡലത്തെ പരിഗണിക്കാത്തത് പ്രതിഷേധാർഹമാണ്. കഴിഞ്ഞ എല്.ഡി.എഫ്. സർക്കാരിന്റെ കാലത്ത് കുന്നംകുളം മണ്ഡലത്തിൽ അനുവദിച്ച പോളിടെക്നിക്കിന്റെ പ്രവർത്തനം ആരംഭിക്കാൻ നടപടി സ്വീകരിക്കണം. ഓട്ടോറിക്ഷയ്ക്ക് ചുമത്തിയ അധിക നികുതി പിൻവലിക്കണം. സിവിൽ സപ്ലൈസ് കോർപ്പറേഷന് വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമാണ്. സ്റ്റാമ്പ് ഡ്യൂട്ടി ആറ് ശതമാനമാക്കി ഉയർത്തുകയും കരിങ്കല്ലിനും എം-സാന്റിനും നികുതി

വർദ്ധിപ്പിക്കുകയും ചെയ്തതുവഴി നികുതികൾ ഇരട്ടിപ്പിച്ചിരിക്കുകയാണ്. കർഷക ബഡ്ജറ്റെന്ന് പറയുന്നുണ്ടെങ്കിലും കർഷകർക്ക് വേണ്ടി വളരെ കുറഞ്ഞ തുകയാണ് വകയിരുത്തിയിരിക്കുന്നത്. കാർഷിക മേഖലയിൽ എല്.ഡി.എഫ് സർക്കാർ തുടങ്ങിവച്ച പദ്ധതികളൊന്നും ഈ സർക്കാർ പൂർത്തീകരിച്ചിട്ടില്ലെന്നു മാത്രമല്ല പുതിയ പദ്ധതികൾ കൊണ്ടു വന്നിട്ടുമില്ല. കയര്, കശുവണ്ടി തുടങ്ങീ പരമ്പരാഗത മേഖലയിലെ തൊഴിലാളികൾക്കുവേണ്ടി ഒരാനുകൂല്യവുമില്ല. ക്രമസമാധന പ്രശ്നത്തിലും സാമ്പത്തിക തട്ടിപ്പിലും സംസ്ഥാനം മുന്നേറിക്കൊണ്ടിരിക്കുന്നു. എ.പി.എല്. കാർഡുടമകളുടെ റേഷൻ വിഹിതം വെട്ടിക്കുറച്ചു. കേന്ദ്ര സർക്കാർ സംസ്ഥാനത്തിന്റെ അരി വിഹിതം വെട്ടിക്കുറച്ചതുകാരണം പൊതുവിപണിയിൽ അരിയുടെ വില വർദ്ധിക്കാനിടയായി. വിലവർദ്ധനവ് പിടിച്ചുനിർത്താൻ കേന്ദ്ര ഗവൺമെന്റ് നടപടി സ്വീകരിക്കുന്നില്ല. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ഫലപ്രദമായി തുക ചെലവഴിക്കുന്നില്ല. നിർമ്മാണ പ്രവർത്തനങ്ങൾ നടക്കുന്നില്ല. എസ്.സി./എസ്.റ്റി. ഫണ്ട് വകമാറ്റി ചെലവഴിക്കുന്നു. കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ ഗുണനിലവാരമില്ലാത്ത മരുന്നുകളാണ് വിതരണം ചെയ്യുന്നത്. എല്ലാ മേഖലയിലും നികുതി വർദ്ധിപ്പിച്ചതുമൂലം ജനജീവിതം ദുരിതപൂർണ്ണമായി.

<u>ശ്രീ. എം. പി. അബ്ദുസ്സമദ് സമദാനി</u>: ബഡ്ജറ്റിനെ അനുകൂലിക്കുന്നു.

കേരളത്തിന്റെ യാഥാർത്ഥ്യങ്ങൾ തിരിച്ചറിഞ്ഞുകൊണ്ടുള്ള ബഡ്ജറ്റാണിത്. ഇന്ധനം, ലോട്ടറി, മദ്യം എന്നിവയിൽനിന്നു ലഭിക്കുന്ന നികുതി കൊണ്ടുമാത്രം സംസ്ഥാനത്തിന് മുന്നോട്ടു പോകാൻ സാധിക്കാത്തതിനാൽ പുതിയ വരുമാന മാർഗ്ഗങ്ങൾ കണ്ടെത്തണം. കൃഷിക്കും വ്യവസായത്തിനും പ്രാധാന്യം കൊടുത്ത ബഡ്ജറ്റാണിത്. വ്യവസായ രംഗത്തും കാർഷിക രംഗത്തുമുണ്ടായ നേട്ടങ്ങളെ ത്വരിതപ്പെടുത്താനാവശ്യമായ നിർദ്ദേശങ്ങളാണ് ബഡ്ജറ്റിലുള്ളത്. കാർഷിക മേഖലയിലെ നിറവ് പദ്ധതിയിലൂടെ കൃഷിക്ക് നവജീവൻ കൈവന്നിരിക്കുന്നു. സ്മാർട്ട് സിറ്റി പൂർത്തിയാകാൻ പോകുന്നതും എമർജിംഗ് കേരളയിലൂടെ ഇരുപതിനായിരം കോടി രൂപയുടെ പദ്ധതികൾക്ക് കരാറുണ്ടായതും കാർഷിക മേഖലയെ പുരോഗതിയിലേക്ക് നയിക്കുന്നതുമായ ബഡ്ജറ്റ് നിർദ്ദേശങ്ങൾ സ്വാഗതാർഹമാണ്. ഉപഭോഗ സംസ്കാരത്തിൽനിന്നും സംസ്ഥാനത്തെ രക്ഷപ്പെടുത്തണം. കഴിഞ്ഞ ബഡ്ജറ്റിൽ പ്രഖ്യാപിച്ച സാമൂഹ്യ പരിഷ്കരണത്തിനായുള്ള പദ്ധതികൾക്ക് തുടർച്ചയുണ്ടാകണം. പുകയില ഉൾപ്പെടെയുള്ള ലഹരി വസ്തുക്കൾക്ക് നികുതി വർദ്ധിപ്പിക്കുകയും ഓട്ടോറിക്ഷ, ഭക്ഷ്യ എണ്ണ തുടങ്ങിയവയ്ക്ക് ഏർപ്പെടുത്തിയ നികുതി ഒഴിവാക്കുകയും എൻഡോസൾഫാൻ പ്രശ്നത്തിൽ പരിഹാരമുണ്ടാക്കുകയും വേണം. കേരളം ഇൻഡ്യയ്ക്ക് മാതൃകയാകണം.

<u>ശ്രീ. സി. ദിവാകരന്</u>: ബഡ്ജറ്റിനെ എതിർക്കുന്നു. കേന്ദ്രഗവൺമെന്റിന്റെ

സാമ്പത്തിക നയങ്ങളുടെ അനന്തരഫലമാണ് ഇന്ന് ഇൻഡ്യ നേരിട്ടുകൊണ്ടിരിക്കുന്ന സാമ്പത്തിക മാന്ദ്യമെന്നും നാണയപ്പെരുപ്പവും വിലവർദ്ധനവും തുടരുന്നുവെന്നും ബഡ്ജറ്റിന്റെ മുഖവുരയിൽത്തന്നെ പറഞ്ഞിട്ടുണ്ട്. അദ്ധ്വാനവർഗ്ഗത്തിനെതിരെയുള്ള ഈ ബഡ്ജറ്റിൽ അസംഘടിത മേഖലയെക്കുറിച്ച് പരാമർശിച്ചിട്ടില്ല. സംസ്ഥാനത്തിന്റെ പലിശ ബാധ്യത വർദ്ധിച്ചുവരികയാണ്. ഒരു കമ്മിബഡ്ജറ്റാണ് ഇവിടെ അവതരിപ്പിച്ചിട്ടുള്ളത്. വിലക്കയറ്റം തടയുന്നതിനുപയുക്തമായ നിർദ്ദേശങ്ങളൊന്നും ബഡ്ജറ്റിലില്ല. സിവിൽ സപ്ലൈസ് എന്ന ഒരു വകുപ്പുതന്നെ ബഡ്ജറ്റിൽനിന്നും ഒഴിവാക്കിയിരിക്കുകയാണ്. കഴിഞ്ഞ ബഡ്ജറ്റിൽ അമ്പത് താലൂക്കുകളിൽ സൂപ്പർ മാർക്കറ്റുകൾ ആരംഭിക്കുമെന്ന വാഗ്ദാനം നടപ്പിലാക്കിയിട്ടില്ല. കൃഷിക്കാർ നേരിടുന്ന പ്രശ്നങ്ങൾ ബഡ്ജറ്റിൽ പരിഗണിച്ചിട്ടില്ല. പങ്കാളിത്ത പെൻഷൻ നടപ്പിലാക്കുന്നതിന് പെൻഷൻ കോൺട്രിബ്യൂഷൻ ജീവനക്കാരിൽനിന്നും ഈടാക്കിയിട്ടില്ല. അടിസ്ഥാന സൗകര്യ വികസനത്തിനും ഗ്രാറ്റ്യുവിറ്റി ഉൾപ്പെടെയുള്ള കുടിശ്ശികകൾ കൊടുത്തുതീർക്കുന്നതിനും തൊഴിൽ ഉറപ്പുവരുത്തുന്നതിനും ഫണ്ട് നീക്കിവച്ചിട്ടില്ല. ക്ഷേമപെൻഷനുകൾ കൊടുത്തുതീർത്തിട്ടില്ല. കശുവണ്ടി മേഖലയ്ക്ക് നീക്കി വച്ചിരിക്കുന്ന തുക അപര്യാപ്തമാണ്. ഭക്ഷ്യസുരക്ഷാ ബിൽ നടപ്പിലാക്കുന്നതിനാവശ്യമായ തുക നീക്കിവയ്ക്കുകയോ സംസ്ഥാനത്തിന്

അർഹമായ നികുതി പിരിച്ചെടുക്കാൻ നടപടി സ്വീകരിക്കുകയോ ചെയ്യാത്ത സർക്കാരാണിത്. ഓട്ടോ റിക്ഷയ്ക്കും പാചക എണ്ണയ്ക്കും നികുതി വർദ്ധിപ്പിച്ചു. ഭൂമി വില വർദ്ധിക്കുന്നതും നിർമ്മാണ സാമഗ്രികൾക്ക് നികുതി ഏർപ്പെടുത്തിയതുംമൂലം പാവപ്പെട്ട ആളുകൾക്ക് വീട് വയ്ക്കാൻ സാധിക്കാത്ത അവസ്ഥ സംജാതമായിരിക്കുകയാണ്. നിലവിലുള്ള നികുതി പിരിച്ചെടുക്കാതെ കമ്മി നികത്താൻ ജനദ്രോഹ നടപടികൾ സ്വീകരിച്ചിരിക്കുകയാണ്. കസ്തൂരി രംഗൻ/ഗാഡ്ഗിൽ റിപ്പോർട്ട് നടപ്പാക്കുന്നതുമായി ബന്ധപ്പെട്ട് മുൻകരുതൽ സ്വീകരിക്കുന്നതിന് ബഡ്ജറ്റിൽ തുകയൊന്നും വകയിരുത്തിയിട്ടില്ല. കഴിഞ്ഞ ബഡ്ജറ്റിലെ ഒരു നിർദ്ദേശം പോലും പൂർണ്ണമായി നടപ്പിലാക്കാൻ കഴിഞ്ഞിട്ടില്ല. കർഷകർക്ക് സഹായകമായി നെല്ലിന്റെ വില കൂട്ടാൻ ഒരു നിർദ്ദേശവുമില്ല. വിലക്കയറ്റം തടയാൻ നീക്കിവച്ച തുക അപര്യാപ്തമാണ്.

<u>ശ്രീ. ടി. യു. കുരുവിള</u>: ബഡ്ജറ്റിനെ അനുകൂലിക്കുന്നു. പ്രശ്നങ്ങളെ യാഥാർത്ഥ്യബോധത്തോടെ സമീപിച്ച ഒരു ബഡ്ജറ്റാണിത്. സാമൂഹ്യക്ഷേമ പെൻഷനുകൾ വർദ്ധിപ്പിച്ചത് സ്വാഗതാർഹമാണ്. റോഡ് പുനർ നിർമ്മാണത്തിന് തുക അനുവദിച്ചു. ഉത്പാദന മേഖലയെ പരിപോഷിപ്പിക്കുന്നതിന് പ്രമുഖ സ്ഥാനമാണ് നൽകിയിരിക്കുന്നത്. തങ്കളം-കാക്കനാട് റോഡ് പൂർത്തീകരിക്കുന്നതിനും ഏറ്റെടുത്ത സ്ഥലത്തിന് പൊന്നുംവില നിശ്ചയിച്ച് നൽകുന്നതിനും നടപടി സ്വീകരിക്കണം. കെ.പി.

റോഡ് പണി പൂർത്തിയാക്കണം. കോതമംഗലത്ത് ഇന്റർനാഷണൽ സ്റ്റേഡിയം കാലതാമസം കൂടാതെ പൂർത്തീകരിക്കണം. എം-സാന്റിന് ഏർപ്പെടുത്തിയ നികുതി പിൻവലിക്കണം.

ശ്രീ. സി. കെ. നാണു: ബഡ്ജറ്റിനെ എതിർക്കുന്നു. സ്വാതന്ത്ര്യ സമര സേനാനിയായിരുന്ന കെ. ബി. മേനോന് വടകരയിൽ സ്മാരകം നിർമ്മിക്കുന്നതിന് തുക വകയിരുത്തണം. കളരി അക്കാദമി സ്ഥാപിക്കുന്നതിനുള്ള നടപടികൾ ത്വരിതപ്പെടുത്തണം. പട്ടികജാതി/പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ ഹോസ്റ്റൽ സൗകര്യങ്ങളും സ്റ്റൈപ്പന്റും വർദ്ധിപ്പിക്കണം. നദികളിൽനിന്ന് മണൽ വാരുന്നത് നിരോധിച്ചതുമൂലം മണൽ വാരൽ തൊഴിലാളികൾക്കും സിമന്റ് പാത്ര നിർമ്മാണത്തിലേർപ്പെട്ടിരിക്കുന്നവർക്കും തൊഴിൽ നഷ്ടപ്പെട്ടതിന് പരിഹാരം കാണണം. കായിക താരങ്ങളുടെയും ബീഡിതെറുപ്പ് തൊഴിലാളികളുടെയും പെൻഷൻ വർദ്ധിപ്പിക്കുകയും കൃഷിക്കാവശ്യമായ ജലസേചന സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിനുള്ള നടപടി സ്വീകരിക്കുകയും വേണം.

ശ്രീ. റോഷി അഗസ്റ്റിൻ: ബഡ്ജറ്റിനെ അനുകൂലിക്കുന്നു. കാർഷിക മേഖലയ്ക്ക് ഊട്ടം പാവും നൽകാൻ കഴിയുന്ന ബഡ്ജറ്റാണിത്. 90 ശതമാനം സർക്കാർ പ്രീമിയത്തോടുകൂടി നടപ്പിലാക്കുന്ന ഇൻകം ഗ്യാരണ്ടി വില നിർണ്ണയ അവകാശം, രണ്ട് ഹെക്ടറിന് താഴെ കൃഷിഭൂമിയുള്ളവർക്ക് ആരോഗ്യ

ഇൻഷ്വറൻസ് പദ്ധതി, അഗ്രി കാർഡ്, ഗൃഹനാഥൻ മരണപ്പെട്ടാൽ കാർഷിക വായ്പകൾ ഏറ്റെടുക്കുന്നതുൾപ്പെടെയുള്ള നിർദ്ദേശങ്ങൾ സ്വാഗതാർഹമാണ്. പശ്ചിമഘട്ടവുമായി ബന്ധപ്പെട്ട വിഷയത്തിൽ മുഖ്യമന്ത്രി സഭയ്ക്ക് നൽകിയിട്ടുള്ള ഉറപ്പ് സ്വാഗതാർഹമാണ്. ഇത്തരം വിഷയം കോടതിയുടെ പരിഗണനയിൽ വരുമ്പോൾ കേന്ദ്രഗവൺമെന്റുമായി ബന്ധപ്പെട്ട് സംസ്ഥാന മുഖ്യമന്ത്രിമാർക്ക് നൽകിയ നിർദ്ദേശം പാലിക്കപ്പെടാൻ സഹായകരമായ നിലപാട് അഭിഭാഷകർ സ്വീകരിക്കാത്തത് പ്രതിഷേധാർഹമാണ്. സമയപരിമിതിക്കുള്ളിൽ ഈ വിഷയം സംബന്ധിച്ച തീരുമാനം ഉണ്ടാക്കാൻ സാധിക്കുമോ എന്നകാര്യം മുഖ്യമന്ത്രി സഭയിൽ വെളിപ്പെടുത്തുകയും കേന്ദ്രഗവൺമെന്റിന്റെ ശ്രദ്ധയിൽ കൊണ്ടുവന്ന് പ്രസ്തുത വിഷയത്തിന് പരിഹാരം ഉണ്ടാക്കുകയും വേണം. തീവ്രയത്ന പരിപാടിയിലൂടെ ഇടുക്കി ജില്ലയിൽ പട്ടയം വിതരണം ചെയ്യുമെന്നുള്ള ധനകാര്യ വകുപ്പുമന്ത്രിയുടെ പ്രഖ്യാപനം സ്വാഗതം ചെയ്യുന്നു. പട്ടയ വിതരണത്തിലെ അവ്യക്തതകൾ ദൂരീകരിച്ച് സമയബന്ധിതമായി നടപ്പിലാക്കാനുള്ള നടപടി സ്വീകരിക്കണം. കാർഷിക മേഖലയേയും ആരോഗ്യ മേഖലയേയും പരിരക്ഷിക്കുകയും യുവജനങ്ങൾക്ക് കൂടുതൽ പ്രാധാന്യം നൽകുകയും ചെയ്യുന്ന ബഡ്ജറ്റാണിത്. നികുതി വർദ്ധനവിനുള്ള മാർഗ്ഗങ്ങൾ കണ്ടെത്തുന്ന

നിർദ്ദേശങ്ങളുണ്ടെങ്കിലും ഓട്ടോറിക്ഷയ്ക്ക് ഏർപ്പെടുത്തിയിരിക്കുന്ന ടാക്സ് പിൻവലിക്കുമെന്ന് പ്രതീക്ഷിക്കുന്നു. പട്ടുവ്യവസായ പുനസംഘടനാ പദ്ധതി കൊണ്ടുവരുന്നത് അനിവാര്യമാണ്. കോട്ടയം കേന്ദ്രീകരിച്ച് കേരളാ ടീച്ചേഴ്സ് എഡ്യുക്കേഷൻ യൂണിവേഴ്സിറ്റി ആരംഭിക്കണം. ഇടുക്കിയിൽ ഒരു ഹോമിയോ ആശുപത്രി അനുവദിക്കുന്നതിനുവേണ്ട നടപടി സ്വീകരിക്കണം. ഗവൺമെന്റ് കോൺട്രാക്ടർമാർക്ക് കോമ്പൗണ്ട് നികുതി ഓപ്റ്റ് ചെയ്യാൻ താമസിച്ചാൽ കമ്മീഷണർക്ക് വാർഷിക റിട്ടേൺ ഫയൽ ചെയ്യേണ്ട സമയംവരെ മതിയായ കാരണങ്ങൾ കാണിച്ച് കാലവിളംബം മാപ്പാക്കാനുള്ള അധികാരം നൽകുന്ന നിയമം മുൻകാല പ്രാബല്യത്തോടെ കൊണ്ടുവരണം.

<u>ശ്രീ. എം. ഹംസ</u>: ബഡ്ജറ്റിനെ എതിർക്കുന്നു. കർഷകർക്ക് ആശ്വാസമേകുന്ന പദ്ധതികൾക്കായി ബഡ്ജറ്റിൽ തുകയൊന്നും മാറ്റിവയ്ക്കാത്തത് ഖേദകരമാണ്. വികസന മുരടിപ്പ് ദൃശ്യമാകുന്ന ബഡ്ജറ്റാണിത്. പി.ഡബ്ല്യു.ഡി. കരാറുകാർക്ക് യഥാസമയം പണം കിട്ടാതെ കോടതിയിൽ പോകുന്ന അവസ്ഥ നിലനിൽക്കുന്നു. വിലക്കയറ്റം നിയന്ത്രിക്കുന്നതിനാവശ്യമായ ഒരു നിർദ്ദേശവും ബഡ്ജറ്റിൽ പരാമർശിക്കാത്തത് ഖേദകരമാണ്. ക്ഷേമ പെൻഷനുകളുടെ തുക ആയിരം

രൂപയായി വർദ്ധിപ്പിക്കുന്നതിന് നടപടി സ്വീകരിക്കണം. സംസ്ഥാനത്തിന്റെ കടബാധ്യത വർദ്ധിച്ചിരിക്കുകയാണ്. വൈദ്യുതോത്പാദനം വർദ്ധിപ്പിക്കുന്നതിന് യാതൊരു നടപടിയും സ്വീകരിച്ചിട്ടില്ലെന്ന് മാത്രമല്ല ഇതിനായി നീക്കിവച്ച തുകപോലും ചെലവഴിക്കാൻ സാധിച്ചിട്ടില്ല. വ്യാവസായിക രംഗത്ത് പുരോഗതി കൈവരിക്കാനും അഭ്യസ്തവിദ്യരായ ചെറുപ്പക്കാർക്ക് തൊഴിൽ ലഭ്യമാക്കുന്നതിനും സർക്കാരിന് കഴിഞ്ഞിട്ടില്ല. മംഗല്യനിധിയിൽ സമാഹരിച്ച തുക ചെലവഴിക്കാനോ തൃപ്തി ഹോട്ടലുകൾ ആരംഭിക്കാനോ സർക്കാർ തയ്യാറായിട്ടില്ല. ഇ.എം.എസ്.- എം.എന്. ഭവന നിർമ്മാണ പദ്ധതികൾക്ക് കൂടുതൽ തുക നീക്കിവയ്ക്കണം. സ്കൂൾ വിദ്യാർത്ഥികളുടെ ഉന്നത വിദ്യാഭ്യാസം ലക്ഷ്യമിട്ട് തുടങ്ങിയ പദ്ധതിയും റോഡ് നിർമ്മാണത്തിന് പ്ലാസ്റ്റിക് ഉപയോഗപ്പെടുത്തുന്ന പദ്ധതിയും യാചകമുക്ത കേരളം പദ്ധതിയും പൂർത്തീകരിക്കാൻ കഴിഞ്ഞിട്ടില്ല. പ്ലേസ്മെന്റ് സെന്ററുകൾ സ്ഥാപിക്കുമെന്നത് വാഗ്ദാനം മാത്രമായി നിലനിൽക്കുകയാണ്. നികുതി പിരിവ് വർദ്ധിപ്പിക്കുകയും ബഡ്ജറ്റ് പ്രഖ്യാപനങ്ങൾ നടപ്പിലാക്കുന്നുണ്ടോയെന്ന് ഉറപ്പാക്കാൻ മോണിറ്ററിംഗ് സംവിധാനം ഏർപ്പെടുത്തുകയും വേണം. ഓട്ടോറിക്ഷ, ടാക്സി എന്നിവയ്ക്ക് നികുതി നിർദ്ദേശം ഏർപ്പെടുത്തിയത് സംസ്ഥാനത്തെ ദോഷകരമായി ബാധിക്കും. സംസ്ഥാനത്തിന് അർഹതപ്പെട്ട വിഹിതം കേന്ദ്രത്തിൽനിന്ന് നേടിയെടുക്കാൻ

കഴിയണം. സംസ്ഥാനത്തിന്റെ ക്രമസമാധാന രംഗം പാടെ തകർന്നിരിക്കുകയാണ്.

ശ്രീ. ടി. എന്. പ്രതാപൻ : ബഡ്ജറ്റിനെ അനുകൂലിക്കുന്നു. സംസ്ഥാനത്തിന്റെ വിവിധ മേഖലകളിലുള്ള വികസന പ്രവർത്തനങ്ങൾക്ക് മുൻതൂക്കം നൽകിയ ബഡ്ജറ്റാണിത്. റവന്യൂ വരുമാനത്തിൽനിന്നും സംസ്ഥാനത്തിന്റെ വികസന പ്രവർത്തനങ്ങൾക്കാവശ്യമായ തുക കണ്ടെത്തുന്ന രീതിയിൽ ബഡ്ജറ്റ് അവതരണം പരിഷ്കരിക്കുകയും അതിനായി മോണിറ്ററിംഗ് നടത്തുകയും വേണം. ട്രഷറി സംവിധാനം ശക്തിപ്പെടുത്തുന്ന തിനായി ജീവനക്കാരുടെ ശമ്പളം ട്രഷറികൾവഴി വിതരണം ചെയ്യണം. ട്രഷറി സേവിംഗ്സ് അക്കൗണ്ടുകൾ ശക്തിപ്പെടുത്തുന്നതിനും ഹൈടെക് കൃഷിരീതികൾ അവലംബിക്കുന്നതിനും ഭക്ഷ്യസുരക്ഷ ഉറപ്പുവരുത്താൻ ആവിഷ്കരിച്ച ഡാറ്റാ ബാങ്കുകൾ പൂർത്തീകരിക്കുന്നതിനും ആവശ്യമായ നടപടി സ്വീകരിക്കണം. കർഷകർക്കായി ആവിഷ്കരിച്ചിട്ടുള്ള ഇൻകം ഗ്യാരണ്ടി സ്കീം, വിള ഇൻഷ്വറൻസ് പദ്ധതി, മത്സ്യത്തൊഴിലാളികൾക്ക് സബ്സിഡി നിരക്കിൽ മണ്ണെണ്ണ ലഭ്യമാക്കുന്നതിന് പ്രാഥമിക വികസന ക്ഷേമ സഹകരണ സംഘങ്ങളിലൂടെ നടപ്പിലാക്കുന്ന പദ്ധതിക്കായി നൂറ് കോടി രൂപ വകയിരുത്തിയത് എന്നിവ അഭിനന്ദനാർഹമാണ്. കഴിഞ്ഞ ബഡ്ജറ്റിൽ മത്സ്യത്തൊഴിലാളി കടാശ്വാസകമ്മീഷന് വകയിരുത്തിയ തുകയ്ക്കുപുറമെ നൂറ് കോടി രൂപ കൂടി

അനുവദിക്കണം. മാനസികവെല്ലുവിളികൾ നേരിടുന്ന നൂറ് കുട്ടികൾ പഠിക്കുന്ന സ്കൂളുകൾക്ക് എയ്ഡഡ് പദവി നൽകുന്നതിനും ടീച്ചർമാരുടെ അലവൻസ് വർദ്ധിപ്പിക്കുന്നതിനുമാവശ്യമായ നടപടി സ്വീകരിക്കണം. കേരളപത്ര പ്രവർത്തക ആരോഗ്യ പരിരക്ഷാ പദ്ധതിക്കും അനാഥക്കുട്ടികൾക്കായി ആവിഷ്കരിച്ച സ്നേഹപൂർവ്വം പദ്ധതിക്കും വകയിരുത്തിയ തുകയുടെ അപര്യാപ്തത പരിഹരിക്കുന്നതിനും പ്രാദേശിക പത്രപ്രർത്തക ക്ഷേമനിധിയേർപ്പെടുത്തുന്നതിനും അംഗൻവാടി ജീവനക്കാരുടെയും ഹെൽപ്പർമാരുടെയും ഓണറേറിയം വർദ്ധിപ്പിക്കുന്നതിനുമാവശ്യമായ നടപടി സ്വീകരിക്കണം. മാളയിൽ സ്ഥിതി ചെയ്യുന്ന കെ. കരുണാകരൻ സ്മാരക സ്പിന്നിംഗ് മില്ലിന്റെ പ്രവർത്തനങ്ങൾക്ക് അഞ്ച് കോടി രൂപ വകയിരുത്തണം.

പ്രതിപക്ഷനേതാവ് (ശ്രീ. വി. എസ്. അച്ചുതാനന്ദന്) : I ബഡ്ജറ്റിനെ എതിർക്കുന്നു. സാമൂഹിക-സാമ്പത്തിക പശ്ചാത്തലങ്ങൾ മെച്ചപ്പെടുത്താനാവശ്യമായ രൂപരേഖയില്ലാത്ത ബഡ്ജറ്റാണിത്. പാവപ്പെട്ടവരുടെമേൽ അധിക നികുതിഭാരം അടിച്ചേൽപ്പിക്കുന്ന പ്രഖ്യാപനങ്ങളാണ് ബഡ്ജറ്റിലുള്ളത്. നികുതികുടിശ്ശിക പിരിച്ചെടുക്കാൻ സർക്കാർ നടപടി സ്വീകരിക്കുന്നില്ല. ഭാവിതലമുറയെപ്പോലും കടക്കെണിയിലാക്കുന്ന സമീപനമാണ് യു.ഡി.എഫ്. ഗവൺമെന്റ് അവലംബിക്കുന്നത്. വിലക്കയറ്റം നിയന്ത്രിക്കുന്നതിനുള്ള ഫലപ്രദമായ പദ്ധതികളൊന്നും ബഡ്ജറ്റിൽ ഉൾപ്പെടുത്തിയിട്ടില്ല.

ഹോട്ടലുകളിൽ ഭക്ഷണ സാധനങ്ങൾക്ക് വില ഏകീകരണം കൊണ്ടുവന്നിട്ടില്ല. അഴിമതിയുടേയും കെടുകാര്യസ്ഥതയുടേയും കൂത്തരങ്ങായി സപ്ലൈകോ മാറിയിരിക്കുന്നു. കെ.എസ്.ആർ.ടി.സി.-യുടെ നിലനിൽപ്പ് ഭീഷണിയിലാണ്. ഓട്ടോറിക്ഷ, ടാക്സി എന്നിവയുടെ നികുതി വർദ്ധിപ്പിച്ചതിന്റെ തിക്തഫലം അനുഭവിക്കേണ്ടിവരുന്നത് സാധാരണക്കാരായ ജനങ്ങളാണ്. അന്തർ സംസ്ഥാന ടാക്സി വാഹനങ്ങളുടെ നികുതി വർദ്ധന ടൂറിസം വ്യവസായത്തെയും കെട്ടിട സാമഗ്രികളുടെ വില വർദ്ധന, നിർമ്മാണ മേഖലയേയും പ്രതികൂലമായി ബാധിക്കും. കരാറുകാരുടെ കുടിശ്ശിക കൊടുത്തുതീർക്കാനാവശ്യമായ തുക ബഡ്ജറ്റിൽ വകയിരുത്തുകയോ കുടിവെള്ളക്ഷാമം പരിഹരിക്കാൻ ദീർഘവീക്ഷണത്തോടുകൂടിയുള്ള പദ്ധതികളോ ആവിഷ്കരിച്ചിട്ടില്ല. ഇ.എം.എസ്. ഭവന പദ്ധതി നടപ്പിലാക്കുന്നതിനും പൊതുമേഖലാ സ്ഥാപനങ്ങളെ പുനരുദ്ധരിക്കുന്നതിനും തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനും തൊഴിലില്ലായ്മ പരിഹരിക്കുന്നതിനുമുള്ള നിർദ്ദേശങ്ങളൊന്നും ബഡ്ജറ്റിലില്ല. നിതാഖാത്ത് നിയമത്തെത്തുടർന്ന് തിരിച്ചുവരുന്ന പ്രവാസികളെ പുനരധിവസിപ്പിക്കാനോ അട്ടപ്പാടിയിലെ ആദിവാസിമേഖലയ്ക്കായോ പദ്ധതികളൊന്നും ആവിഷ്കരിച്ചിട്ടില്ല. ചെലവ് കുറഞ്ഞ ഊർജ്ജസ്രോതസ്സ് എന്ന നിലയിൽ എൽ.എൻ.ജി.-ക്ക് ഏർപ്പെടുത്തിയിരിക്കുന്ന 14.5 ശതമാനം വാറ്റ് നികുതി ഒഴിവാക്കണം.

തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി (ശ്രീ. ഷിബു ബേബി ജോൺ): കണ്ണൂരിലെ തൊഴിലാളികൾക്ക് പ്രയോജനകരമായ ഇ.എസ്.ഐ. ആശുപത്രി ഇ.എസ്.ഐ. കോർപ്പറേഷന് വിട്ടുകൊടുക്കാൻ സർക്കാർ തയ്യാറാണ്.

ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. കെ. എം. മാണി): നിയമസഭയിൽ നടന്ന സുദീർഘമായ ചർച്ചയിൽ ഭരണ-പ്രതിപക്ഷ അംഗങ്ങളിൽനിന്ന് ഉയർന്നുവന്ന ശ്രദ്ധേയമായ നിർദ്ദേശങ്ങൾ പരിഗണിക്കുന്നതും ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതു മാണ്. അംഗങ്ങളിൽനിന്നുള്ള മൂല്യവത്തായ സംഭാവനകൾക്ക് നന്ദി പ്രകാശിപ്പിക്കുന്നു. രാജ്യത്തുണ്ടായ സാമ്പത്തിക മാന്ദ്യംമൂലം ഉദ്ദേശിച്ച രീതിയിൽ സാമ്പത്തിക വളർച്ച നേടാൻ സാധിച്ചിട്ടില്ലാത്ത സാഹചര്യത്തിലും കേരളത്തിൽ 17 ശതമാനം നികുതി വളർച്ചാനിരക്ക് കൈവരിക്കാൻ സാധിച്ചുവെന്നത് അഭിനന്ദനാർഹമായ കാര്യമാണ്. പ്രതികൂല സാഹചര്യത്തിലും സംസ്ഥാനത്തിന്റെ വരുമാനം സംരക്ഷിക്കാനും ആവശ്യമായ തുക വികസന പ്രവർത്തനങ്ങൾക്ക് നൽകുവാനും സാധിച്ചു. വിദ്യാഭ്യാസം, കമ്മ്യൂണിറ്റി ഡെവലപ്മെന്റ്, ആരോഗ്യം, ഹൗസിംഗ്, വ്യവസായം, കെ.എസ്.ആർ.ടി.സി., സിവിൽ സപ്ലൈസ് കോർപ്പറേഷന്, സപ്ലൈ-കോ എന്നിവയ്ക്ക് ആവശ്യമായ തുക വകയിരുത്തിയിട്ടുണ്ട്. മോഡൽ ഹൈ-ടെക് ഫാമിന് 42 കോടി രൂപ, 45 കോടി രൂപയുടെ ഗ്രീൻ ഹൗസ്, ഓർഗനൈസ്ഡ് ഫാമിംഗിന് 10 കോടി രൂപ

തുടങ്ങി വിവിധ കർമ്മ പരിപാടികൾക്കായി തുക അനുവദിച്ചു കഴിഞ്ഞു. കൃഷിക്കാരെ ടാക്സിൽ നിന്നും ഒഴിവാക്കുന്നതിനും ഇൻകം ഗ്യാരണ്ടി നൽകാനും സാധിച്ചു. കാസർഗോഡ് ജില്ലയെ ജൈവ ജില്ലയായി പ്രഖ്യാപിച്ചു. വെജിറ്റബിൾ കൃഷി പ്രൊമോട്ട് ചെയ്യാൻ തുക സാംഗ്ഷൻ ചെയ്തു കഴിഞ്ഞു. നെല്ല് സംഭരണത്തിന് ആവശ്യമായ തുക നൽകുന്നുണ്ട്. റബ്ബർ, ഏലം, അടയ്ക്ക എന്നിവ സംഭരിക്കാൻ പ്രൈസ് സപ്പോർട്ട് സ്കീം പ്രഖ്യാപിക്കുന്നതും ആവശ്യമായ തുക വകയിരുത്തുന്നതുമാണ്. കെ.എസ്.ആർ.ടി.സി. ജീവനക്കാരുടെ പെൻഷൻ ഇൻഷ്വറൻസുമായി ബന്ധപ്പെടുത്തി പരിഗണിക്കാവുന്നതാണ്. 5 ശതമാനം ഇന്ററസ്റ്റ് സബ്സിഡി പ്രൈമറി സെക്ടറിനു നൽകിയതുകൊണ്ട് അനിമൽ ഹസ്ബന്ററി, ഫിഷറീസ്, അഗ്രികൾച്ചർ എന്നീ മേഖലകൾക്ക് നല്ല ഉത്തേജനം വന്നിട്ടുണ്ട്. മത്സ്യത്തൊഴിലാളികളുടെ മണ്ണെണ്ണവിഹിതം 200 ലിറ്ററായി വർദ്ധിപ്പിക്കുന്നതിനും വനിതാസംരംഭകർക്ക് 75 ശതമാനം ഇന്ററസ്റ്റ് സബ്സിഡിയുള്ള സ്കീം അനുവദിക്കുന്നതിനും തീരുമാനിച്ചിട്ടുണ്ട്. കേന്ദ്രത്തിൽനിന്നും പല ഹെഡ്ഡുകളിലായി സംസ്ഥാനത്തിന് ലഭ്യമാകേണ്ട 4132 കോടി രൂപയുടെ വരുമാനത്തിൽ വന്ന കുറവു കൊണ്ടാണ് റവന്യൂ ഡെഫിസിറ്റ് വർദ്ധിച്ചത്. സംസ്ഥാനത്ത് വരുമാനം കുറഞ്ഞുവെങ്കിലും ചെലവ് വെട്ടിക്കുറച്ചിട്ടില്ല. ക്യാപിറ്റൽ എക്സ്പെൻഡീച്ചറിൽ കഴിഞ്ഞ വർഷത്തേക്കാൾ മുപ്പത് ശതമാനം വർദ്ധനവുണ്ടായിട്ടുണ്ട്. 2014-15 ൽ റവന്യൂ ഡെഫിസിറ്റ്

ജി.എസ്.ഡി.പി.-യുടെ ഒന്നര ശതമാനം ആക്കാമെന്നാണ് പതിനാലാം ധനകാര്യകമ്മീഷൻ മുമ്പാകെ സംസ്ഥാന സർക്കാർ അറിയിച്ചിട്ടുള്ളത്. പുതിയ പേ കമ്മീഷൻ റിപ്പോർട്ട് നടപ്പിലാക്കുമ്പോൾ വർദ്ധിച്ച നിരക്കിലുള്ള ശമ്പളം, പെൻഷന്, ഡി.എ. എന്നിവ കൊടുക്കേണ്ടി വരും. പഞ്ചായത്തിന് കൊടുക്കുന്ന ധനസഹായം ക്യാപിറ്റൽ എക്സ്പെൻഡിച്ചറായി കണക്കാക്കണമെന്ന ആവശ്യം കേന്ദ്ര സർക്കാർ അംഗീകരിച്ചിട്ടില്ല. റബ്ബർ കർഷകരെ സഹായിക്കുന്നതിനായി മാർക്കറ്റ് ഇന്റർവെൻഷൻ നടത്തും. സി.എസ്.റ്റി. രജിസ്ട്രേഷനുള്ള കോൺട്രാക്ടേഴ്സിന്റെ കോമ്പൗണ്ടിംഗ് നികുതി ആറ് ശതമാനമായി വർദ്ധിപ്പിച്ച നടപടി സംസ്ഥാനത്തിന് നഷ്ടമുണ്ടാക്കുകയാണെങ്കിൽ പ്രസ്തുത നികുതി കുറയ്ക്കുന്നതാണ്. കേരകർഷകരെ സഹായിക്കുന്നതിനും വെളിച്ചെണ്ണയ്ക്ക് പ്രചാരം കിട്ടുന്നതിനും വേണ്ടിയാണ് വെളിച്ചെണ്ണ ഒഴികെയുള്ള എല്ലാ ഭക്ഷ്യ എണ്ണകളുടേയും നികുതി അഞ്ച് ശതമാനമായി ഉയർത്തിയത്. എം-സാന്റിന് കോമ്പൗണ്ടിംഗ് നികുതിയും ടെക്സ്റ്റയിൽസിന് ടേൺ ഓവർ ടാക്സും ഏർപ്പെടുത്തിയത് ഉപഭോക്താക്കളെ ബാധിക്കില്ല. മെറ്റൽ ക്രഷറിന്റെ കോമ്പൗണ്ടിംഗ് നിരക്ക് മൂന്നിരട്ടിയാക്കിയതുകൊണ്ട് മണൽ വില കൂടില്ല. അയ്യായിരം രൂപയ്ക്ക് മുകളിൽ വരുന്ന വില്പനയ്ക്ക് ബിൽ കൊടുക്കാത്ത കേസിന് പ്രോസിക്യൂഷൻ നടപടി സ്വീകരിക്കുമെന്നുള്ളതിൽ ആവശ്യമായ മാറ്റങ്ങൾ വരുത്തുന്നതാണ്. വിശദമായ പഠനത്തിന്റെ അടിസ്ഥാനത്തിലും കൂടുതൽ

സ്വർണ്ണ വ്യാപാരികളെ കോമ്പൗണ്ടിംഗിലേയ്ക്ക് കൊണ്ടുവരുന്നതിനുമാണ് സ്വർണ്ണത്തിന്റെ കോമ്പൗണ്ടിംഗ് നികുതി നിരക്ക് കുറച്ചത്. ഓട്ടോറിക്ഷയുടെ ലംപ്സം ഗ്രാന്റ് വർദ്ധിപ്പിച്ചതും ഗഹാന് ഏർപ്പെടുത്തിയ ഫീസും പിൻവലിക്കും. സിഗാറിന്റെ നികുതി വർദ്ധിപ്പിക്കുന്നത് സംബന്ധിച്ച് ശാസ്ത്രീയമായി പഠിച്ചതിനുശേഷം തീരുമാനമെടുക്കുന്നതാണ്. മത്സ്യത്തൊഴിലാളി കടാശ്വാസത്തിനായി നീക്കിവച്ച തുക 10 കോടി രൂപയായി വർദ്ധിപ്പിക്കുകയും റബ്ബർ സംഭരണത്തിന്റെ മാർക്കറ്റ് ഇന്റർവെൻഷന് 10 കോടി രൂപ നീക്കിവയ്ക്കുകയും ചെയ്യും. 100 വിദ്യാർത്ഥികളിൽ കൂടുതലുള്ള സ്പെഷ്യൽ സ്കൂളുകളെ എയ്ഡഡ് സ്കൂളുകളായി പരിഗണിക്കുകയും അൺഎയ്ഡഡ് സ്പെഷ്യൽ സ്കൂളുകളിലെ അദ്ധ്യാപകർക്ക് 1600 രൂപ നിരക്കിൽ ഓണറേറിയം നൽകുകയും ചെയ്യും. അഗതി മന്ദിരങ്ങളിലെ കുട്ടികളുടെ ഭക്ഷണ ഗ്രാന്റ് ആയിരം രൂപയായി വർദ്ധിപ്പിക്കും. 100 സ്ക്വയർ മീറ്ററിൽ കുറവ് വിസ്തീർണ്ണമുള്ള ഓഫീസുകളിലെ കാഷ്വൽ സ്വീപ്പർമാരുടെ വേതനം 4000 രൂപയാക്കി വർദ്ധിപ്പിക്കും. കൊച്ചിയിലെ സഹകരണ മെഡിക്കൽകോളേജി നോടനുബന്ധിച്ചുള്ള കാൻസർ ഇൻസ്റ്റിറ്റ്യൂട്ട് ആന്റ് റിസർച്ച് സെന്ററിനുവേണ്ടി 5 കോടി രൂപ വകയിരുത്തും. വയനാട് ജില്ലയിൽ താമരശ്ശേരി ചുരം- ഇരുപത്തിയൊൻപതാം മൈല്-ചിപ്പിലിത്തോട്-മരുത്തിലാവ്-തളിപ്പുഴ റോഡ് നിർമ്മാണത്തിനുള്ള നടപടികളാരംഭിക്കും. പ്രവാസികളുടെ പുനരധിവാസ ത്തിനായി വകയിരുത്തിയ തുക 50 കോടി

രൂപയായി വർദ്ധിപ്പിക്കുകയും ഖാദി-ഗ്രാമ വ്യവസായങ്ങൾക്ക് 15 കോടി രൂപ അധികമായി വകയിരുത്തുകയും ചെയ്യും. ഖാദി മേഖലയിലെ നൂൽനൂൽപ്പ് തൊഴിലാളികളുടെ ഇൻസെന്റീവ് ഒരു കഴി നൂലിന് 60 പൈസയായും നെയ്ത്ത് തൊഴിലാളികളുടെ ഇൻസെന്റീവ് 150 പൈസയായും ഉയർത്തുകയും ഇതിനായി രണ്ടരക്കോടി രൂപ വകയിരുത്തുകയും ചെയ്യും. ആറ്റുകാൽ ടൗൺഷിപ്പിന് 15 കോടി രൂപ അധികമായി വകയിരുത്തും. വന്യമൃഗ ശല്യദൂരീകരണത്തിന് അനുവദിച്ച തുക 50 കോടി രൂപയായി വർദ്ധിപ്പിക്കും. പത്തനംതിട്ട ജില്ലയിൽ ഗവൺമെന്റ് കോളേജ് അനുവദിക്കും. മാളയിലെ കെ. കരുണാകരൻ സ്മാരക സ്പിന്നിംഗ് മില്ലിനും മീനടം പ്രിയദർശിനി സഹകരണ സ്പിന്നിംഗ് മില്ലിനും കോട്ടയം ഇന്റഗ്രേറ്റഡ് പവ്വർ ലൂം സഹകരണ സംഘത്തിനും അഞ്ചുകോടി രൂപ വീതം അനുവദിക്കും. ഗ്രാമപഞ്ചായത്തുകളുടെ ആഭിമുഖ്യത്തിൽ സേവനം അനുഷ്ഠിക്കുന്ന പാലിയേറ്റീവ് കെയർ നഴ്സസിന്റെ ശമ്പളം എണ്ണായിരം രൂപയായും എയ്ഡഡ് സ്കൂളുകളിലെ സൈക്കോ-സോഷ്യൽ കൗൺസിലേഴ്സിന്റെ ഓണറേറിയം 12500 രൂപയായും തിരുവനന്തപുരം വൈകുണ്ഠസ്വാമി അന്തർദ്ദേശീയ പഠനകേന്ദ്രത്തിന്റെ ഗ്രാന്റ് ഇരുപത് ലക്ഷം രൂപയായും വർദ്ധിപ്പിക്കും. ശാന്തിഗിരിയിൽ കൺവെൻഷൻ സെന്റർ നിർമ്മാണത്തിനായി മൂന്നുകോടി രൂപയും 'നിറവ്' പദ്ധതി നാൽപ്പതു മണ്ഡലങ്ങളിലേയ്ക്കുകൂടി വ്യാപിപ്പിക്കുന്നതിനായി അഞ്ചുകോടി രൂപയും

വകയിരുത്തുന്നു. തിരുവനന്തപുരം വിതുര ചെറ്റച്ചൽ ജെഴ്സി ഫാമിനോടനുബന്ധിച്ച് ഒരു ഡയറി സയൻസ് കോളേജ് ആരംഭിക്കുന്നതിനായി ഇരുപത്തിയഞ്ച് ലക്ഷം രൂപയും മീറ്റ് പ്രോഡക്ട്സ് ഓഫ് ഇൻഡ്യയ്ക്ക് ഒന്നരക്കോടി രൂപയും അനുവദിക്കുന്നു. എലഞ്ഞി ബെഞ്ചമിൻ ബെയ്‌ലി പാർക്കിന് പതിനഞ്ച് ലക്ഷം രൂപയും ആമ്പല്ലൂർ ഇലക്ട്രോണിക് പാർക്കിന് അഞ്ചുകോടി രൂപയും ആര്യങ്കാവ് വാണിജ്യനികുതി ചെക്ക്‌പോസ്റ്റ് നവീകരിക്കുന്നതിന് പത്തുലക്ഷം രൂപയും വകയിരുത്തുന്നു. കണ്ണൂർ ജില്ലയിലെ കൂത്തുപറമ്പ്, മലപ്പുറം ജില്ലയിലെ ഊരകം, വയനാട് ജില്ലയിലെ മുള്ളൻകൊല്ലി, മട്ടന്നൂർ എന്നിവിടങ്ങളിൽ ഓരോ ഐ.ടി.ഐ. വീതം സ്ഥാപിക്കുന്നതാണ്. കാവാലിക്കുളം കണ്ടൻകുമാര സ്മാരകത്തിന് വകയിരുത്തിയ തുക അഞ്ച് ലക്ഷമായി ഉയർത്തും. ബീമാപള്ളി പ്രദേശത്ത് ആറ് പുലിമുട്ടുകൾ സ്ഥാപിക്കുന്നതാണ്. എറണാകുളം ജില്ലയിലെ ആവോലി ഗ്രാമപഞ്ചായത്തിൽ ഒരു പൗൾട്രി ഫാമും പച്ചക്കറി ഫാമും സ്ഥാപിക്കുന്നതിന് പത്ത് ലക്ഷം രൂപ വകയിരുത്തുന്നു. പത്തനാപുരം മിനി സിവിൽസ്റ്റേഷന്റെ രണ്ടാംഘട്ട നിർമ്മാണ പരിപാടി ആരംഭിക്കുന്നതാണ്. കൃഷി വകുപ്പിന് മേഖലാ ഡയറക്ടറേറ്റുകൾ ആരംഭിക്കുന്നതും ആദ്യപടിയായി കണ്ണൂർ ഡയറക്ടറേറ്റ് തുടങ്ങുന്നതുമാണ്. അംഗൻവാടി വർക്കര്, ഹെൽപ്പർ എന്നിവരുടെ ഓണറേറിയം രണ്ടായിരം രൂപയായും തിരുവനന്തപുരം പ്രസ്സ് ക്ലബ്ബിന്റെ ഇന്റർനാഷണൽ മീഡിയ സെന്ററിനുവേണ്ടി മാറ്റിവച്ച തുക

ഇരുപതുലക്ഷം രൂപയായും ആശാ വർക്കേഴ്സിന്റെ ഓണറേറിയം ആയിരം രൂപയായും വർദ്ധിപ്പിക്കും. ഫയർ ഫോഴ്സിന് അധികമായി പതിനഞ്ച് കോടി രൂപയും മദ്യവിമുക്ത കേരളം പദ്ധതിക്ക് ഒരുകോടി രൂപയും സ്റ്റേറ്റ് എക്സൈസ് അക്കാദമിയുടെ അടിസ്ഥാന സൗകര്യ വികസനത്തിന് അമ്പത് ലക്ഷം രൂപയും എരുമേലി - പന്തളം കൊട്ടാരം - ചെങ്ങന്നൂർ - പമ്പ എന്നീ സ്ഥലങ്ങൾ ബന്ധിപ്പിച്ചുകൊണ്ട് പിൽഗ്രിം ടൂറിസ്റ്റ് സർക്യൂട്ട് വികസിപ്പിക്കു ന്നതിന് ഒരുകോടി രൂപയും കാസർഗോഡ് ജില്ലയിലെ തൃക്കരിപ്പൂരിൽ സബ്ട്രഷറി സ്ഥാപിക്കുന്നതിന് അഞ്ച് ലക്ഷം രൂപയും ഇടുക്കി ജില്ലയിൽ മരിയാപുരം പഞ്ചായത്തിൽ ഒരു ഹോമിയോ ആശുപത്രി സ്ഥാപിക്കുന്നതിന് രണ്ട് ലക്ഷം രൂപയും കുറുപ്പന്തറ പബ്ലിക് ഹെൽത്ത് സെന്ററിൽ കിടത്തി ചികിത്സ ആരംഭിക്കുന്നതിന് ഒരുലക്ഷം രൂപയും തൃശ്ശൂർ എസ്.ആര്.വി. സംഗീത വിദ്യാലയം കോളേജ് ആയി ഉയർത്തുന്നതിന് രണ്ട് ലക്ഷം രൂപയും അനുവദിക്കുന്നു. മുണ്ടക്കയം കമ്മ്യൂണിറ്റി ഹെൽത്ത് സെന്റർ താലൂക്ക് ആശുപത്രിയായും എരുമേലിയെ മുനിസിപ്പാലിറ്റിയായും ഉയർത്തുന്നതാണ്. കൊല്ലം ജില്ലയിൽ ഒരു ആർട്സ് ആന്റ് സയൻസ് കോളേജ് തുടങ്ങുവാൻ കെ.പി.എം.എസ്.-ന് അനുമതി നൽകുകയും അതിലേക്ക് രണ്ട് ലക്ഷം രൂപ അനുവദിക്കുകയും ചെയ്യുന്നു. മലപ്പുറത്ത് ഒരു വനിതാ കോളേജ് ആരംഭിക്കുന്നതാണ്. എം.എല്.എ. ഫണ്ടും അസറ്റ് ഡെവലപ്മെന്റ് ഫണ്ടും

വർദ്ധിപ്പിക്കുന്ന കാര്യം പരിഗണിക്കുന്നതാണ്. എല്ലാ ക്ഷേമ പെൻഷനുകളും നൂറുരൂപ കൂടി വർദ്ധിപ്പിക്കുന്നു. പനമ്പള്ളി നഗറിലെ അവന്യൂ റോഡ് വികസിപ്പിക്കുന്നതിന് പ്രാരംഭച്ചെലവുകൾക്ക് അഞ്ച് ലക്ഷം രൂപയും ഗുരു ചെങ്ങന്നൂരിന്റെ പേരിൽ ഒരു കലാ-സാംസ്കാരിക കേന്ദ്രം സ്ഥാപിക്കുവാൻ രണ്ട് ലക്ഷം രൂപയും വർക്കല താലൂക്കിന് ഒരു മിനി സിവിൽസ്റ്റേഷൻ നിർമ്മിക്കുന്നതിന് പ്രാരംഭ ചെലവുകൾക്കായി അഞ്ച് ലക്ഷം രൂപയും അന്നമനട കേരളത്തിലെ ആദ്യ വാദ്യകലാഗ്രാമമായി ഉയർത്തുന്നതിന് പതിനഞ്ച് ലക്ഷം രൂപയും മാറ്റിവയ്ക്കുന്നു. തിരുവനന്തപുരം കാട്ടാക്കടയിൽ ഗവൺമെന്റ് പോളി ടെക്നിക് സ്ഥാപിക്കും. ഭക്ഷണത്തിന്റെ നികുതി ഫൈവ് സ്റ്റാർ ഹോട്ടലുകൾക്കുമാത്രമായി പരിമിതപ്പെടുത്തും. മത്സ്യത്തൊഴിലാളി കടാശ്വാസ ത്തിനായി പ്രഖ്യാപിച്ച തുക പത്ത് കോടിയായി ഉയർത്തും. മങ്കട കമ്മ്യൂണിറ്റി ഹെൽത്ത് സെന്റർ താലൂക്ക് ആശുപത്രിയായി അപ്ഗ്രേഡ് ചെയ്യുവാൻ അഞ്ച് ലക്ഷം രൂപയും പാനൂരിൽ ഒരു മിനി സിവിൽസ്റ്റേഷൻ സ്ഥാപിക്കുവാൻ പത്ത് ലക്ഷം രൂപയും കോന്നി ബൈപ്പാസ് നിർമ്മിക്കുന്നതിനുവേണ്ടി ഒരു കോടി രൂപയും മാറ്റിവയ്ക്കുന്നു. ഇ.എം.എസ്. സ്റ്റേഡിയം പണിയുന്നതിന് അനുവദിച്ച തുക അഞ്ച് കോടിയായി വർദ്ധിപ്പിക്കുന്നു. താലൂക്ക് പുന:സംഘടന പരിശോധിക്കുമ്പോൾ പയ്യന്നൂരിന്റെ കാര്യം പരിഗണിക്കുന്നതാണ്. അമ്പത് ബ്ലോക്കുകളിൽകൂടി ആഗ്രോ സർവ്വീസ് സെന്റർ നിർമ്മിക്കുന്നതാണ്.

ആവശ്യമായ സ്ഥലങ്ങളിൽ മിനി സിവിൽസ്റ്റേഷൻ പണിയുന്നതിന് ഗവൺമെന്റിന്റെ സാമ്പത്തിക പരിമിതികൾക്കുള്ളിൽനിന്നുകൊണ്ട് സഹായം ചെയ്യുന്നതാണ്.

**പ്രമേയം**

## ചട്ടം 236 (2) സസ്പെന്റ് ചെയ്യുന്നതു സംബന്ധിച്ച പ്രമേയം

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി): "2014-15 സാമ്പത്തിക വർഷത്തേക്കുള്ള ബഡ്ജറ്റിലെ ധനാഭ്യർത്ഥനകളിന്മേൽ സബ്ജക്ട് കമ്മിറ്റികൾ നടത്തേണ്ട സൂക്ഷ്മ പരിശോധന നിർദ്ദിഷ്ട സമയപരിധിക്കുള്ളിൽ പൂർത്തിയാക്കാൻ സാധ്യമല്ലാത്ത സാഹചര്യം പരിഗണിച്ച് കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ ഇരുന്നൂറ്റിമുപ്പത്തിയാറാം ചട്ടത്തിന്റെ രണ്ടാം ഉപചട്ടം ധനാഭ്യർത്ഥനകൾ പാസ്സാക്കുന്നതിനായി ചേരുന്ന അടുത്ത സമ്മേളനത്തിന്റെ പ്രാരംഭംവരെ സസ്പെന്റ് ചെയ്യുന്നതിന് ഈ സഭ തീരുമാനിക്കുന്നു" എന്ന പ്രമേയം അവതരിപ്പിക്കുന്നു.

വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി (ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി): പ്രമേയത്തെ പിന്താങ്ങുന്നു.

പ്രമേയം സഭ അംഗീകരിച്ചു.

സഭ ഉച്ചയ്ക്കുശേഷം 4.49 – ന് പിരിഞ്ഞു.

*****************************